
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




Vol. LXXVI No. 4 April 2026 ഉയിർപ്പുകാലം

# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ
















# നൂറിന്റെ നറുപുണ്യമായി
# മാർ ജോസഫ് പള്ളിക്കാപറമ്പിൽ




100 – ാം ജന്മദിനം ആഘോഷിക്കുന്ന ഞങ്ങളുടെ
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്
സ്നേഹംനിറഞ്ഞ പിറന്നാൾ ആശംസകൾ...

**08.03.2026**

# സമുദായ ശക്തീകരണ സമ്മേളനങ്ങൾ

## അരുവിത്തുറ മേഖല











**15.03.2026**

## കടുത്തുരുത്തി മേഖല





**20.03.2026**

## രാമപുരം മേഖല







# സമുദായ ശക്തീകരണ സമ്മേളനങ്ങൾ

## 21.03.2026

### കുറവിലങ്ങാട് മേഖല










## 22.03.2026

### തുടങ്ങനാട് മേഖല






## 28.03.2026

### പാലാ മേഖല







05.03.2026









ചൂണ്ടച്ചേരി SJCET യിൽ വച്ചു നടന്ന ടെക് ഫോർ ലൈഫ്
പ്രോഗാം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

07.03.2026









പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് KCBC ടീച്ചേഴ്സ് ഗിൽഡിന്റെ
ആഭിമുഖ്യത്തിൽ നടന്ന വനിതാദിനസമ്മേളനം ഉദ്ഘാടനം
ചെയ്തു സംസാരിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**APRIL 2026**
**Vol. LXXVI No. 4**

# CONTENTS

സംയുക്ത സർക്കുലർ ........ 231

സർക്കുലർ - 341 ........ 235

സർക്കുലർ - 342 ........ 239

അറിയിപ്പ് ........ 245

വാർത്തകൾ ........ 252

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 302

സംയുക്ത സർക്കുലർ

26 Ch. TCL 23

# ഗുണമേന്മയുള്ള തലമുറയും ബലിഷ്ഠമായ കുടുംബങ്ങളും കെട്ടുറപ്പുള്ള സമുദായവും രാഷ്ട്രനിർമ്മിതിക്ക്

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ഏക്കാലത്തും എല്ലായിടത്തും മാതൃരാജ്യത്തിന്റെ നന്മയ്ക്കായും ഐക്യത്തിനായും പുരോഗതിക്കായും അദ്ധ്വാനിക്കുന്നവരാണ് ഭാരതത്തിലെ ക്രൈസ്തവർ. മാതൃരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നത് ക്രൈസ്തവരുടെ ഒരു ജീവിതശൈലി തന്നെയാണ്. നമ്മുടെ രാഷ്ട്രത്തെ, ലോകത്തെതന്നെ ഏറ്റവും വലുത് എന്നതിലുപരി, ഏറ്റവും മാതൃകാപരമായ ജനാധിപത്യരാഷ്ട്രമാക്കുന്നത് ഭരണഘടനാശില്പികൾ ദീർഘവീക്ഷണത്തോടുകൂടി ഭരണഘടനയിൽ ഉൾച്ചേർത്ത മതസ്വാതന്ത്ര്യവും മതന്യൂനപക്ഷാവകാശങ്ങളുമാണ്. എല്ലാ മതവിശ്വാസങ്ങൾക്കും ഇടം നൽകുന്ന നമ്മുടെ രാജ്യം ന്യൂനപക്ഷമതവിഭാഗങ്ങൾക്കു പ്രത്യേക സംരക്ഷണം നൽകുന്നത്, എണ്ണത്തിൽ ചുരുങ്ങിയവരെങ്കിലും, അവർ തങ്ങളുടെ സംസ്കാരത്തിലും പൈതൃകത്തിലും വളർന്ന് രാഷ്ട്രനിർമ്മിതിയിൽ പങ്കുകാരാകുവാൻ വേണ്ടിയാണല്ലോ. ഇവിടെയാണ് ക്രൈസ്തവസമുദായശക്തീകരണത്തിന്റെ ഭരണഘടനപരമായ സാംഗത്യം.

സന്തുഷ്ടകുടുംബങ്ങളുടെ കൂട്ടായ്മയാണ് ശക്തീകരിക്കപ്പെട്ട സമുദായം. അറിവും നെറിവും തൊഴിലും ദൈവവിചാരവുമുള്ള യുവത്വമാണ് സന്തുഷ്ടകുടുംബത്തിന്റെ അടിസ്ഥാനശില. നമ്മുടെ യുവജനങ്ങൾ ഈശോയോട് ഐക്യപ്പെട്ട് ബോധ്യങ്ങളിൽ ആഴപ്പെടണം. അവർ നല്ല വിദ്യാഭ്യാസമുള്ളവരും തൊഴിൽനൈപുണ്യമുള്ളവരുമാകണം. അറിവിനുപരി മികവുള്ളവരായെങ്കിൽമാത്രമാണ് ഈ മാത്സര്യത്തിന്റെ ലോകത്തു പിടിച്ചുനിൽക്കുവാനും രാഷ്ട്രനിർമ്മിതിയിൽ മുന്നിട്ടുവരുവാനും സാധിക്കുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് നാം മികവാർന്ന ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും സ്കൂളുകളും വിവിധങ്ങളായ പരിശീലനകേന്ദ്രങ്ങളും സ്ഥാപിച്ചു നടത്തിപ്പോരുന്നത്. ഇതിനായി വിയർപ്പ് ഒഴുക്കുന്നവരുടെ അദ്ധ്വാനം നാം കണ്ടില്ലെന്നു നടിക്കരുത്. ഈ സ്ഥാപനങ്ങളെയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും നമുക്ക് ഉത്തരവാദിത്വമുണ്ട്.

നമ്മുടെ രാജ്യത്ത് കേന്ദ്ര - സംസ്ഥാനതലങ്ങളിൽ നടക്കുന്ന സിവിൽ സർവീസ് ഉൾപ്പെടെയുള്ള വിവിധങ്ങളായ മത്സരപ്പരീക്ഷകളിൽ നമ്മുടെ യുവജനങ്ങളെ മുൻപന്തിയിലെത്തിക്കുന്നതിനാണ് ചങ്ങനാശ്ശേരി അതിരൂപതയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളും കൂട്ടായി പരിശ്രമിച്ച് 1998 ൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലായിൽ ആരംഭിച്ചത്. നാളിതുവരെ 382 പേരെ ഇന്ത്യൻ സിവിൽ സർവീസിലും മറ്റനേകരെ വിവിധ സർക്കാർ - അർദ്ധസർക്കാർ ജോലികളിലും എത്തിക്കുന്നതിന് ഈ സ്ഥാപനത്തിനു സാധിച്ചിട്ടുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ സ്ഥാപനത്തെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ യുവജനം മുന്തിയ പരിഗണന നൽകേണ്ടതാണ്. ഇക്കഴിഞ്ഞ വർഷങ്ങളിൽ സിവിൽ സർവീസ് പരീക്ഷകളിലും മറ്റു ദേശീയ, സംസ്ഥാനതല പരീക്ഷകളിലും നമ്മുടെ യുവതീയുവാക്കൾ തരക്കേടില്ലാത്ത വിജയം നേടിയത് നമ്മെ കൂടുതൽ ഉത്സാഹമുള്ളവരാക്കണം.

അഞ്ചു മുതൽ ഒൻപതു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ബ്ലൂമിങ് മൈൻഡ്സ്, ബ്ല്യൂട്ടിഫുൾ മൈൻഡ്സ് പദ്ധതികളും ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായുള്ള ഫൗണ്ടേഷൻ കോഴ്സും, സ്കൂൾ കുട്ടികൾക്കുള്ള റസിഡൻഷ്യൽ സമ്മർക്യാമ്പും, കോളേജ്പഠനത്തോടൊപ്പമുള്ള സിവിൽ സർവീസ് ആഡ്-ഓൺ കോഴ്സും, ബി.എ. പബ്ലിക് അഡ്മിനിസ്ട്രേഷനോടൊപ്പം റെഗുലർ സിവിൽ സർവീസ് പഠനവും, ഡിഗ്രി കഴിഞ്ഞവർക്കുള്ള സിവിൽ സർവ്വീസ് ഫുൾടൈം കോച്ചിങ്ങും തുടർപരിശീലനവും പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന പ്രധാന പരിശീലനപദ്ധതികളാണ്.

നമ്മുടെ യുവജനങ്ങളെ മികവിലേക്കു നയിക്കുന്നതിനായി സമുദായശക്തീകരണവർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് വിപുലമായ സ്കോളർഷിപ്പ്പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. ഡിഗ്രി അടിസ്ഥാനയോഗ്യതയുള്ളവരും മത്സരപ്പരീക്ഷകളിൽ വിജയിച്ച് രാജ്യത്ത് ഐ.എ.എസ്. ഉൾപ്പെടെയുള്ള മാന്യമായ ജോലി നേടുവാൻ ആഗ്രഹിക്കുന്നവരുമായ ക്രൈസ്തവരായ യുവതീയുവാക്കൾക്കായി മേയ് 1-ാം തീയതി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത് മികവു തെളിയിക്കുന്നവർക്ക് ഒരു കോടി രൂപയുടെ സ്കോളർഷിപ്പുകളാണ് ഒരുക്കിയിട്ടുള്ളത്. സമുദായത്തിലെ പാവപ്പെട്ടവർക്ക് സ്കോളർഷിപ്പിന് പ്രത്യേക പരിഗണന നൽകുന്നതുമാണ്. നമ്മുടെ യുവജനം ഈ അവസരം ഉപേക്ഷ വിചാരിക്കാതെ ഉപയോഗപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയാണ്. യോഗ്യരായ വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പ് പരീക്ഷ എഴുതുന്നതിനും തക്കതായ പരിശീലനത്തിലൂടെ നമ്മുടെ രാജ്യത്തിന്റെ താക്കോൽസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനും വേണ്ട പ്രോത്സാഹനം നൽകുന്നതിന് ബഹുമാനപ്പെട്ട അച്ചൻമാരും ബന്ധപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഏപ്രിൽ 28 നുമുമ്പ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അതുപോലെതന്നെ

കേരളത്തിലെ സമുന്നതരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഏപ്രിൽ 30 മുതൽ മേയ് 3 വരെ നടത്തപ്പെടുന്ന ക്യാമ്പിലേക്ക് താൽപര്യമുള്ള കുഞ്ഞുങ്ങളെ പറഞ്ഞയയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കുട്ടികളുടെയും യുവജനങ്ങളുടെയും ബൗദ്ധികവും ഗുണപരവുമായ മികവ് ഉന്നം വച്ചുകൊണ്ട് പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന എല്ലാ പരിശീലനപദ്ധതികളോടും സഹകരിച്ച് സമുദായശക്തീകരണത്തിൽ നമുക്കു പങ്കുകാരാകാം.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് മാർ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**മാർ ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9539381100, 9539371100
E-mail: civilpala@yahoo.com, admin@civilservicepala.com,
Web: www.civilservicepala.org

---

NB: ഈ സർക്കുലർ ഏപ്രിൽ 19-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 341

# കത്തോലിക്കാ കോൺഗ്രസ്

മിശിഹായിൽ പ്രിയ വൈദികരേ, സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

നമ്മുടെ സീറോ മലബാർ സഭയുടെ ലോകമെമ്പാടുമുള്ള അംഗങ്ങളെ ചേർത്തുനിർത്തി പ്രവർത്തിച്ചുവരുന്ന സമുദായസംഘടനയാണല്ലോ കത്തോലിക്കാ കോൺഗ്രസ്. നമ്മുടെ സഭയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവൽ പ്രശ്നങ്ങളെ സമൂഹമധ്യത്തിൽ അവതരിപ്പിക്കാനും മാധ്യമശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ട് സർക്കാരുകളെക്കൊണ്ട് പരിഹാരം കണ്ടെത്തിക്കുവാനും കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന നിരന്തരപോരാട്ടങ്ങൾ ശ്ലാഘനീയമാണ്. സാമൂഹികപ്രശ്നങ്ങളിൽ സംഘടന നടത്തുന്ന ഇടപെടലുകൾ നമ്മുടെ സമുദായത്തിനു മാത്രമല്ല, പൊതുസമൂഹത്തിനും പ്രയോജനകരമായിഭവിക്കുന്നു എന്നുള്ളത് നമുക്ക് അഭിമാനകരമാണ്.

കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് ഏപ്രിൽ 30 ന് 108 വർഷം പൂർത്തിയാവുന്നു. നമ്മുടെ അഭിമാനമായ നിധീരിക്കൽ മാണിയച്ചനാണല്ലോ ഒരു സമുദായസംഘടന വേണമെന്നുള്ള ചിന്ത മുന്നോട്ടുവച്ചത്. മാണിയച്ചന്റെയും അല്മായപ്രമുഖനായിരുന്ന പാറയിൽ വർക്കി തരകന്റെയും നേതൃത്വത്തിൽ നടന്ന സമുദായസംഗമമാണ് കത്തോലിക്കാ കോൺഗ്രസിന്റെ രൂപീകരണത്തിനു കാരണമായത് ജോൺ നിധീരിയായിരുന്നല്ലോ. ആദ്യത്തെ അല്മായപ്രസിഡന്റ്. മുൻകാല നേതാക്കന്മാരുടെ പാവനസ്മരണയ്ക്ക് മുമ്പിൽ രൂപത ആദരാഞ്ജലികൾ അർപ്പിക്കുന്നു.

2026 സമുദായശക്തീകരണവർഷമായി സീറോ മലബാർസഭ ആചരിക്കുകയാണല്ലോ. കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും

ശേഷമാണ് ഇപ്രകാരം ഒരു വർഷാചരണം പ്രഖ്യാപിച്ചത്. സർക്കാർതലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലികസമൂഹത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്ന നിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡ് സമ്മേളനങ്ങളിലും പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും വിശദമായി അവതരിപ്പിച്ചു. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണല്ലോ സമുദായശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായശക്തീകരണത്തിൽ നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസിന് വലിയ പങ്ക് വഹിക്കുവാനുണ്ട്. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുകയും അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തുകയും ചെയ്യണം. സമകാലീകസംഭവവികാസങ്ങൾ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കാൻ പ്രേരിപ്പിക്കുന്നതാണ്. നമ്മുടെ ആശുപത്രികളെയും വിദ്യാഭ്യാസസ്ഥാപനങ്ങളെയും അവഹേളിക്കുവാനും തകർക്കുവാനുമുള്ള ഗൂഢനീക്കങ്ങളെ തിരിച്ചറിഞ്ഞ് ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രതിരോധം തീർക്കണം. ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന ആക്രമണങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. തെറ്റിദ്ധരിപ്പിക്കുവാനും ഭിന്നിപ്പിക്കുവാനുമുള്ള നീക്കങ്ങൾ തിരിച്ചറിയണം. സമുദായാംഗങ്ങളുടെ പ്രശ്നങ്ങളിൽ പരസ്പരം സഹായിക്കുവാനും ഒപ്പം നിൽക്കുവാനും അതുവഴി സമുദായബോധവും ചൈതന്യവും ഉണ്ടാക്കുവാനും ഒറ്റക്കെട്ടായി നിൽക്കുവാനുമുള്ള കൂട്ടായ്മ രൂപീകരിക്കണം.

യുവജനങ്ങൾ കൃഷിയിൽനിന്ന് അകലുന്ന ഈ കാലഘട്ടത്തിൽ കഴിഞ്ഞ 12 വർഷമായി മുടക്കം കൂടാതെ അടു

ക്കളത്തോട്ട മത്സരം എന്ന ക്രിയാത്മകമായ പദ്ധതിയിലൂടെ കത്തോലിക്കാ കോൺഗ്രസ് ചെയ്യുന്ന സേവനങ്ങൾ പ്രശം സനീയമാണ്. നമ്മുടെ കുടുംബങ്ങളിൽനിന്നു നഷ്ടപ്പെടുന്ന കാർഷിക സംസ്കാരം തിരിച്ചുകൊണ്ടുവരാൻ കഴിയുന്നു എന്നുള്ളത് അഭിമാനാർഹമാണ്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ലാഭകരമാക്കാനും മൂല്യവർധിത ഉൽപ ന്നങ്ങൾ വിപണനം ചെയ്യുവാനുമുള്ള പദ്ധതികൾ സംഘടന വിഭാവനം ചെയ്യണം.

നമ്മുടെ യുവജനസംഘടനയിൽ പ്രവർത്തിച്ച് പുറത്തു വരുന്ന 30 വയസ്സിനുമുകളിൽ പ്രായമുള്ള യുവനേതാക്കളെ സംഘടനയിൽ അംഗത്വം നൽകി സഭയോടും സമുദായത്തോ ടും കൂടുതൽ ചേർത്തു നിർത്തണം. യൂത്ത് കൗൺസിലുകൾ എല്ലാ യൂണിറ്റുകളിലും പ്രവർത്തനസജ്ജമാവേണ്ടിയിരിക്കു ന്നു.

എല്ലാ യൂണിറ്റുകളിലും വനിതാ കൗൺസിലുകളും രൂപീ കരിച്ചുകൊണ്ട് കൂടുതൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കണം. ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിര ഞ്ഞെടുപ്പിൽ നമ്മുടെ സമുദായത്തിൽനിന്നു കൂടുതൽ യുവജ നങ്ങളെയും വനിതകളെയും പങ്കെടുപ്പിക്കുവാൻ കത്തോലിക്കാ കോൺഗ്രസ് നടത്തിയ പരിശ്രമങ്ങളെ അനുമോദിക്കുന്നു. സഭ യ്ക്കും സമുദായത്തിനും ശക്തി പകരുന്ന രൂപതാ നേതൃത്വ ത്തെയും അവർക്കു പിന്തുണയും പ്രോത്സാഹനവും നൽകുന്ന ബഹു. വൈദികരെയും നന്ദിപൂർവം ഓർക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 44 ഓളം രാജ്യങ്ങളിലെ സമുദായാം ഗങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് സംഘടനയ്ക്കു നേതൃത്വം നൽകുന്ന നമ്മുടെ രൂപതാംഗമായ ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിലിന്റെ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനാ ശംസകൾ നേരുന്നു. കക്ഷിരാഷ്ട്രീയചിന്തകൾക്കതീതമായി പക്വമതികളും വിദ്യാസമ്പന്നരും നിസ്വാർത്ഥരുമായ ധാരാളം

അല്മായർ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃനിരയിലേക്ക് വരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ വർഷം പാലാ സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ്സ് രൂപതയായി മാറട്ടെ. ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി ലെയോ 14-ാമൻ മാർപാപ്പാ പ്രഖ്യാപിച്ച വിശുദ്ധ ദൈവസഹായവും നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവം,



മെത്രാസനമന്ദിരം
പാലാ, 28.03.2026

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

N.B.: ഈ സർക്കുലർ ഏപ്രിൽ 26-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി വി. കുർബാനമധ്യേ സംഭാവന ശേഖരണം നടത്തി രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്നു താത്പര്യപ്പെടുന്നു.

## കത്തോലിക്കാ കോൺഗ്രസിനുള്ള സംഭാവന

കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾക്കായി 2026 ഏപ്രിൽ 26-ാം തീയതി ഞായറാഴ്ച പിരിവുനടത്തി ലഭിക്കുന്ന തുക 2026 മെയ് 16 നു മുൻപായി രൂപതാ ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

സർക്കുലർ - 342

# സമുദായശക്തീകരണവർഷം 2026
## കുടുംബ - ഇടവകതലങ്ങളിൽ
## നടപ്പിൽ വരുത്തേണ്ട കർമ്മപദ്ധതികൾ

**കുടുംബതലം**

1. കുടുംബങ്ങളെ ആത്മീയതയിലും വിശ്വാസജീവിതത്തിലും സുവിശേഷമൂല്യങ്ങളിലും ആഴപ്പെടുത്തുക. സന്ധ്യാസമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന പതിവ് ശക്തിപ്പെടുത്തുക.
2. കുടുംബങ്ങളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്നേഹത്തിൽ അധിഷ്ഠിതമായ ബന്ധം വളർത്തുക. മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധങ്ങളിൽ ഹൃദ്യതയും ഊഷ്മളതയും ബലപ്പെടുത്തുക.
3. സമയബന്ധിതമായി മക്കളുടെ വിവാഹം നടത്തി കുടുംബജീവിതത്തിലേക്ക് പ്രോത്സാഹനം നൽകാൻ മാതാപിതാക്കൾ ശ്രദ്ധിക്കുകയും കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്ന സംസ്കാരം വളർത്തുകയും ചെയ്യുക.
4. കുടുംബാംഗങ്ങൾ തമ്മിലുള്ള വഴക്ക്, അനൈക്യം, അന്ധവിശ്വാസങ്ങൾ, മദ്യമയക്കുമരുന്നുകളുടെ ഉപയോഗം തുടങ്ങിയവ ഇല്ലാതാക്കാൻ ബോധപൂർവമായ ശ്രമം നടത്തുക.
5. ഭൂമിയിലെ സ്വർഗം എന്ന ദൈവീകപദ്ധതി കുടുംബങ്ങളിൽ ജീവിക്കാനും അനുഭവിക്കാനും ഇടയാക്കുക.
6. ചെറിയ പ്രായം മുതൽ കുട്ടികളെ ദൈവവചനം വായിച്ചു പഠിപ്പിച്ച് വചനബന്ധിയായ ഒരു ജീവിതം നയിക്കുവാനായി മാതാപിതാക്കളും മുതിർന്നവരും പരിശീലിപ്പിക്കുക. ബഹു. വൈദികരും വിശ്വാസപരിശീലകരും അതിനുള്ള പിന്തുണ നൽകുക.

7. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധരുടെ ജീവിതമാതൃകകൾ കുട്ടികൾക്കും മുതിർന്നവർക്കും പരിചയപ്പെടുത്തുക.
8. സഭയുടെ യാമപ്രാർത്ഥനകൾ കുടുംബങ്ങളിൽ നടത്തുന്ന രീതി പ്രോത്സാഹിപ്പിക്കുക.
9. സീറോ മലബാർ സഭയുടെ ആദ്ധ്യാത്മികതയുടെ സ്രോതസ്സുകളിലൊന്നായ വിവിധ നോമ്പുകൾ അർത്ഥവത്തായി ആചരിക്കുക.

**ഇടവകതലം**

1. കുടുംബങ്ങളിൽ ജീവിക്കുന്ന ആത്മീയതയുടെ തുടർച്ച ഇടവക കേന്ദ്രീകൃതമായ ജീവിതത്തിലൂടെ സുദൃഢമാക്കുക.
2. സീറോ മലബാർ സഭയുടെ ആരാധനക്രമം, ആത്മീയചര്യകൾ, ചരിത്രം, പൂർവ്വകരിലൂടെ കൈമാറിക്കിട്ടിയ പാരമ്പര്യം എന്നിവയെക്കുറിച്ചുള്ള ആഴമേറിയ അറിവും ബോധ്യവും എല്ലാവരിലും ശക്തിപ്പെടുത്തുക.
3. വിശുദ്ധ കുർബാനയിലുള്ള സജീവഭാഗഭാഗിത്വം ഉറപ്പുവരുത്തുക.
4. കുട്ടികൾക്കും യുവജനങ്ങൾക്കും ഒരുമിച്ചു വരാനും പ്രാർത്ഥിക്കാനും വിനോദങ്ങളിൽ ഏർപ്പെടാനും പറ്റിയ സൗഹൃദപരമായ അന്തരീക്ഷം ഇടവകയിൽ രൂപപ്പെടുത്തുക.
5. ഇടവകസമൂഹത്തിൽനിന്നും കൗദാശികജീവിതത്തിൽനിന്നും അകന്നു നിൽക്കുന്നവരെ തിരിച്ചെത്തിക്കാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുക.
6. അനുഭവപ്രദമായ അറിവിലേക്കും ബോധ്യങ്ങളിലേക്കും വളരാൻ സഹായിക്കുന്ന വിധത്തിൽ വിശ്വാസപരിശീലനം കാര്യക്ഷമമാക്കുക. വിശ്വാസ ആത്മീയ ശാക്തീകരണത്തിന് ഉതകുന്ന രീതിയിൽ മാധ്യമങ്ങളുടെ ഉപയോഗം ത്വരിതപ്പെടുത്തുക. കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും വ്യത്യസ്തമായ രീതിയിൽ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ബോധവത്കരണം നടത്തുക.

7. സൺഡേസ്കൂൾ കുട്ടികൾക്കായുള്ള വിശ്വാസോത്സവം സമുദായ തനിമയിൽ നടത്തുക. സുറിയാനി ഭാഷാപഠനം, നസ്രാണികലകളുടെ പരിശീലനം തുടങ്ങിയവ നടത്തുക.
8. വിശ്വാസപരിശീലനത്തോടൊപ്പം കുട്ടികളുടെയും യുവജന ങ്ങളുടെയും വ്യക്തിത്വവികസനത്തിനും ബൗദ്ധികമികവി നും സമഗ്രവളർച്ചയ്ക്കും സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുക. രാജ്യത്തുള്ള മത്സരപരീക്ഷകൾക്ക് കുട്ടികളെ ചെറുപ്പംമുതൽ പരിശീലിപ്പിക്കുക.
9. പി.എസ്.സി, യു.പി.എസ്.സി. തുടങ്ങിയ പരിശീലനങ്ങളി ലേക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും സ്കോളർഷി പ്പുകൾ നൽകുകയും ചെയ്യുക.
10. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകി മികവുപുലർത്താൻ പ്രത്യേക പരിശീലനം നൽകുക. ആൺകുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരി ക്കാൻ പ്രസംഗപരിശീലനം, ഡിബേറ്റ്, കലാപരിപാടികൾ തുടങ്ങിയവ പരിശീലിപ്പിക്കുക.
11. കരിയർ ഗൈഡൻസ്, ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ തുടങ്ങിയവ നടത്തുക.
12. ഇന്നത്തെ ക്ലാസുമുറികളിലാണ് സമുദായത്തിന്റെയും രാഷ്ട്ര ത്തിന്റെയും ഭാവി നിർണയിക്കപ്പെടുന്നത് എന്ന ബോധ്യ ത്തോടെ അധ്യാപകർ തങ്ങളുടെ ശുശ്രൂഷയിൽ കൂടുതൽ ശ്രദ്ധയും കരുതലും നൽകണം. അധ്യാപക – വിദ്യാർത്ഥി ബന്ധങ്ങൾ ശക്തിപ്പെടുത്തണം. കുട്ടികളെ കേൾക്കാനും വ്യക്തിപരമായി മനസ്സിലാക്കാനും മാനസികാരോഗ്യത്തിൽ ബലപ്പെടുത്താനും ശ്രദ്ധിക്കുക.
13. യുവജനങ്ങൾക്ക് മാസത്തിലൊരിക്കൻ കുമ്പസാരത്തിനും വിശുദ്ധകുർബാനയ്ക്കും തുറന്ന ചർച്ചകൾക്കും വേദിയൊ രുക്കുക. സൺഡേ സ്കൂളുകളിൽ 12 വർഷം പഠിച്ച വിശ്വാ സജീവിതത്തെ പ്രഘോഷിക്കാൻ അവസരമൊരുക്കുക.

14. യുവജനങ്ങൾക്ക് ആചാരാനുഷ്ഠാനങ്ങളിലും തിരുനാളുകളിലും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുകയും YOUCAT, വിശ്വാസവഴിയിലെ സംശയങ്ങൾ (സീറോ മലബാർ മതബോധനകമ്മീഷൻ) തുടങ്ങിയ പുസ്തകങ്ങളെ അടിസ്ഥാനമാക്കി പൂജാ അവധിദിവസങ്ങളിൽ വിശ്വാസവിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
15. വിശ്വാസം പ്രവൃത്തിപഥത്തിലെത്തിക്കാൻ എല്ലാ ഭക്തസംഘടനകളുടെയും യൂണിറ്റുകൾ ഇടവകയിൽ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുകയും ചെയ്യുക.
16. വിവിധ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ സമുദായശക്തീകരണത്തോടനുബന്ധിച്ച് നല്കിയിരിക്കുന്ന കൈപ്പുസ്തകം അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
17. രൂപതയുടെ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബുകളിൽ, ഇൻഫാം യൂണിറ്റുകൾ, കർഷക ഉത്പാദകസംഘടനകൾ/കമ്പനികൾ, കർഷകദള ഫെഡറേഷനുകൾ, സ്വാശ്രയസംഘങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഉത്പാദനമേഖലയിലും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണിയിലും ശക്തീകരണം നൽകുക.
18. കുടുംബങ്ങൾ തമ്മിലും ഇടവകാംഗങ്ങൾ തമ്മിലുമുള്ള വഴക്കുകൾ അവസാനിപ്പിക്കുക.
19. കുടുംബകേന്ദ്രീകൃതമായ അജപാലന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക.
20. ഇടവകതലത്തിൽ സമിതികൾ രൂപീകരിച്ച് ഏകാന്തത അനുഭവിക്കുന്ന വ്യക്തികൾക്കായി കൂട്ടായ്മകൾ സംഘടിപ്പിക്കുക. അയൽപക്കബന്ധങ്ങൾ ശക്തിപ്പെടുത്തുക.
21. ശാരീരികാരോഗ്യവും മാനസികാരോഗ്യവും അജപാലനപരമായ കരുതലിന്റെ അടിസ്ഥാനലക്ഷ്യമാക്കി പദ്ധതികൾ

വിഭാവനം ചെയ്യുക. സാമ്പത്തികവും സാമൂഹികവുമായ പിന്തുണ, ഹെൽത്ത് ഇൻഷുറൻസ് അവബോധം നൽകൽ എന്നിവ പ്രധാനമാണ്.

22. ഇ. ഡബ്ല്യു.എസ്, സർക്കാർ ക്ഷേമപദ്ധതികൾ തുടങ്ങിയവ പ്രചരിപ്പിക്കാൻ ഇടവക തലത്തിൽ ഹെൽപ് ഡസ്ക് ആരംഭിക്കുക. അസംഘടിത തൊഴിലാളികളുടെ അംഗത്വം വിവിധ ക്ഷേമനിധികളിലുറപ്പാക്കുക. അവർ നേരിടുന്ന ചൂഷണം ഒഴിവാക്കാൻ അവകാശങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുക.

23. മാധ്യമരംഗത്തെ വെല്ലുവിളികൾ, ദീപിക ദിനപത്രത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് ഇടവകയിലും കുടുംബ ക്കൂട്ടായ്മകളിലും ബോധവത്കരണം നടത്തുക. ദീപിക യുടെ പ്രചാരകരും വരിക്കാരുമായി എല്ലാ രൂപതാംഗ ങ്ങളും മാറുക.

24. ഡിസംബർ 18 ന് ഇടവകതലത്തിൽ ന്യൂനപക്ഷദിനാചര ണം നടത്തുക.

25. ക്രിസ്തുമസിനുശേഷം ഇടവകതലത്തിൽ നസ്രാണി ഫെസ്റ്റ് നടത്തുക. നസ്രാണി സംസ്കാരം, പാരമ്പര്യം, ഭക്ഷണം, വസ്ത്രം എന്നിവ ഇതിൽ പ്രോത്സാഹിപ്പിക്കുക.

26. ഇടവകപരിധിയിലെ സർക്കാർ ഓഫീസുകളുമായി നല്ല ബന്ധം സ്ഥാപിക്കുക. വിശേഷാൽ അവസരങ്ങളിൽ പ്രത്യേ കിച്ച് ക്രിസ്തുമസിനോടനുബന്ധിച്ച് ഓഫീസുകളിൽ പ്പോയി കേക്ക് നൽകി ആശംസകൾ നേരുക.

27. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടും സീറോ മലബാർ സമുദായ ശക്തീകരണവർഷം 2026 കൈപ്പുസ്തകവും ഇടവകതലത്തിൽ കുടുംബക്കൂട്ടായ്മ വേദികളിൽ പഠന വിഷയമാക്കുക.

28. ഗവൺമെന്റ്തലത്തിൽ നമ്മുടെ സമൂഹത്തിന് അവകാശ മായിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം എല്ലാവർക്കും നൽകുകയും അവ നേടിയെടുക്കാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്യുക.

29. നസ്രാണിപാരമ്പര്യം എന്തെന്നും അതിൽ ഉൾപ്പെടുന്ന ഏഴു സഭകളെക്കുറിച്ചും വിശ്വാസികൾക്ക് അവബോധം നൽകുന്ന വിധത്തിലുള്ള സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക. വിശേഷാവസരങ്ങളിൽ എല്ലാവരെയും വിളിച്ചുകൂട്ടി പരിപാടികൾ നടത്തുക.

30. സമുദായബോധം വളർത്താൻ ഉതകുന്ന വിധത്തിൽ വിശ്വാസധാർമികവിഷയങ്ങൾ ആഴത്തിൽ പഠിപ്പിക്കുക. സമുദായ ചരിത്രവും സമുദായം നൽകിയിട്ടുള്ള ഈടുറ്റ സംഭാവനകളും പഠനവിഷയമാക്കുക. സമുദായത്തിന്റെ വ്യതിരിക്തതയും തനതാത്മകതയും സ്വത്വബോധവും വളർത്തുക.

മുകളിൽ കൊടുത്തിരിക്കുന്ന കർമ്മപദ്ധതികൾ കുടുംബഇടവകതലങ്ങളിൽ പ്രവർത്തിപഥത്തിലെത്തിക്കാൻ ബന്ധപ്പെട്ട എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാർ, ഇടവക-സംഘടന-സ്ഥാപന തലങ്ങളിൽ ഈ കർമ്മരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രായോഗികമാക്കാൻവേണ്ട സത്വരനടപടികൾ സ്വീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സമുദായ ശക്തീകരണ വർഷത്തിന്റെ ഫലവത്തായ ആചരണത്തിലൂടെ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ കെല്പുള്ള ആധ്യാത്മികതയും വിശ്വാസദാർഢ്യവും ബൗദ്ധികമികവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം.

സർവ്വശക്തനായ ദൈവം നമ്മുടെ പരിശ്രമങ്ങളെ വിജയിപ്പിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 03.04.2026

# അൾത്താരബാലന്മാരുടെ ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. സൗകര്യാർത്ഥം രണ്ടു ബാച്ചുകളായിട്ടാണു ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽനിന്നും 7,8,9 ക്ലാസുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ.

**ഒന്നാം ബാച്ച്**

2026 ഏപ്രിൽ 13 തിങ്കൾ

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

**ഫൊറോനാകൾ:**

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ, കൊഴുവനാൽ, കൂത്താട്ടുകുളം

**രണ്ടാം ബാച്ച്**

2026 ഏപ്രിൽ 14 ചൊവ്വാഴ്ച

രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

**ഫൊറോനാകൾ:**

പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്, കടപ്ലാമറ്റം

സ്നേഹപൂർവം,

**ഫാ. ജേക്കബ് വടക്കേൽ**

റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 28-03-2026

NB: ഒരു ഇടവകയിൽനിന്നു പരമാവധി 5 കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. ക്രമീകരണം സുഗമമാക്കുവാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. ക്യാമ്പ് ഫീ ഒരു കുട്ടിക്ക് 100 രൂപ കൊടുത്തയയ്ക്കുമല്ലോ.

**Mob: 9447661326 (Fr. Vincent Moongamakal)**

**Mob: 9846768212 (Fr. Thomas Kalachira)**

**Mob: 9446580521 (Fr. Joseph Kadhaliyil)**

# ബഹു. വൈദികരുടെ വാർഷികധ്യാനം

ബഹുമാനപ്പെട്ട അച്ചന്മാരേ,

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2026 ജൂലൈമാസത്തിൽ രണ്ടു ബാച്ചുകളിലായി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെടുന്നു. പാലക്കാട് രൂപതാംഗമായ റവ. ഡോ. അരുൺ കലമറ്റത്തിൽ ആണ് ധ്യാനം നയിക്കുന്നത്.

Batch I - 2026 ജൂലൈ 6 തിങ്കൾ വൈകുന്നേരം 06.00 മുതൽ
ജൂലൈ 10 വെള്ളി വൈകുന്നേരം 04.00 വരെ

Rev. Frs.
Alanickal (Mootheadathu) Joseph
Ambattu Joseph
Ambazhathinal George
Ammottukunnel Mathew
Ancheril Jose
Anithanam Kurian
Arackal Joseph
Aranjaniputhenpura Augustine
Aranjaniputhenpura Joseph
Attappatt Zacharias
Ayallukunnel Thomas
Chakkalackal Joseph
Chakkalayil Thomas
Chandrankunnel Mathew
Chavelil John
Cheeramkuzhy George
Chennattu Mathew
Cherukarakunnel Joseph
Chollanal George
Choorackal Joseph
Choorakkatt George
Ennackappallil Mathew
Ettackakunnel George
Ettuparayil Sebastian
Ezhuparayil Joseph
Kadankavil Mathew
Kadhaliyil Joseph
Kadookunnel Mathew
Kaduppil Joseph
Kaduppil Sebastian
Kakkallil Jose
Kalayil Kurian
Kallacheril Joseph
Kandathikudilil Augustine
Kaniampadickal Abraham
Kanjirathinkal Emmanuel
Kanjirathumkal Alex
Kannuthotty Kalluvelil Joseph
Karikulam Joseph
Karinatt Jacob
Kattipparampil Thomas
Kavanadimalayil Mathew
Kizhakkekara Thomas
Kizhakkel Thomas
Kochodackal Thomas
Kochuparampil Joseph
Kollamparambil Devasia
Kollithanathumalayil Abraham
Kolliyil Antony
Konookunnel Joseph

Koonammakal Thomas
Koonanickal Joseph
Koottiyaniyil Augustine
Koottumkal Kuriakose
Kottarathil Emmanuel
Kottarathil George
Kottayil James
Kottayil Kurian
Kozhikott Alexander
Kozhuppankutty Augustine
Kulangara Philip
Kumbulumkal Mathew
Kunnackattu Cherian (Joby)
Kunnel Cyriac
Kunnumpuram Berchmans
Kunnumpurath Paul
Kuppapuzhackal Abraham
Kurichiyel Issac
Kurisummoottil Mathew (Sr.)
Kurumuttath Joseph
Kuruvachira Joanny
Kuttianickal Sebastian
Kuttiankal Joseph
Kuttiyanickal Mathew
Kuzhikannil John
Kuzhinjalil Joseph
Kuzhivelithadathil Joseph
Madappallil Thomas
Madathiparambil Joseph (Jr)
Madathiparampil Thomas
Madurapuzha Zacharias
Maleparampil Joseph
Mampallikunnel Sebastian
Manarkattu Joseph
Mangalath James
Manianchira Thomas
Mannanal Joseph
Mannoor Sebastian
Maprakarottu Sebastian
Marottickal Joseph
Mathothu Kurian
Mattamundayil John
Mecheril Augustine
Mecheril Joseph
Menachery Thomas
Mookenthottathil Joseph
Moolayil Cherian
Moongamakel Vincent
Moothedam Mathew
Mulangattil George
Mulanjanal Joseph
Muthanattu Joseph
Muthuplackal Mathew
Mylapparampil Joseph
Naduthadam John
Naduthadam Sebastian
Naduvilekoot Ignatius
Nangaparambil Antony
Narikkatt Michael
Narithookil Joseph
Narively Mathew
Nellickal George
Nellikunnucherivupurayidom George
Nirappil Cyriac
Njarakkattil Joseph
Njarakunnel George Varghese
Njaralakatt Philip
Njattuthottiyil George
Olayathil Thomas
Olickal Thomas
Oravachalil George
Vethanath Sebastian
Ouseparampil Michael
Padickakuzhippil Sebastian
Padinjarakutt Devasia
Pakkarampel Johnson
Palackaparambil Augustine
Palackattukunnel Mathew

Palithottam John
Palliparampil George
Panampuzha Joseph
Panangattu Mathew
Pandiamackal Joseph (Jr.)
Pangottil Kuriakose
Panthalanickal Christy
Panthiruvelil Martin
Parackal Thomas
Parampithadathil George
Paraplackal Paul
Parathotty Mathew
Parekkattu Emmanuel
Pariath Joseph (Sr.)
Pariyappanal Johnson
Pathickelputhenpurayil Kuriakose
Pazheparampil George
Perumattathil Augustine
Peruvelil Sebastian
Pezhathumkal Jacob
Pezhumkattil Abraham
Plathottathil George
Polakatt Kurian
Poovathinkal Joseph
Porunnolil James
Pulickaparambil Mathew
Pulleettu Johnson
Pullickattil Abraham
Pullukalayil Mathew
Punnathanathukunnel Mathew
Puthenpurackal Mathew
Puthenpurackal Thomas
Puthiyamattam John
Puthiyaparampil Jacob
Puthiyidath Joseph
Puthoor Sebastian
Puthumana Joseph
Thadathil Joseph (Sr.)
Thadathil Joseph (Jr.)
Thadathil Kurian
Thadathil Mathew
Thadickaparambil Kuriakose
Thalodil Joseph
Thannickappara Joseph
Thannimalayil Thomas
Tharappel George
Thayil Joseph
Thekkechooranolil George
Thekkel Mathew
Thekkumcherikunnel Sebastian
Thennattil Mathew
Theruvath Augustine
Theruvil Joseph
Thonakkara Antony
Thonikuzhiyil Sebastian
Thottumkal Michael
Thottumkal Thomas
Thuruthiyil Abraham
VadakkelCyriac
Vadakkel Thomas
Vadakkethakidiyel Kuriakose
Vadayattukuzhy George
Valiaveettil Thomas
Vanchipurackal Joseph
Vattamukalel Kuriakose
Vayalil John
Vazhacharickal Mathew
Vazhackapara Joseph
Vazhayil Antony
Vechoor Dominic
Vekathanam Scaria
Vellamaruthunkal Jacob
Vengathanam Andrews
Vethanath Sebastian
Vettukallel James
Vettukallel Mathew (Jr.)
Vettukallel Sebastian
Villamthanam Antony

Batch II 2026 ജൂലൈ 13 തിങ്കൾ വൈകുന്നേരം 06.00 മുതൽ
ജൂലൈ 17 വെള്ളി വൈകുന്നേരം 04.00 വരെ

**Rev. Frs.**

Adappacheril Sebastianos DaSleeba
Alapattumedayil Mathew
Alencheril Joseph
Ammanathukunnel Joseph
Ampazhathumkal George
Andassery James
Anithottathil Gervasis
Arackaparampil Mathew
Arimattath Joseph
Attangattil Joseph
Attuchalil Joseph
Brahmanavelil Thomas
Chamakalayil Sebastian
Chathankunnel George
Cheenothuparampil Joseph
Cheeramkuzhy Michael
Chengazhacheril Joseph
Cheripurath Sebastian
Chillackal Thomas
Chukkananickal John
Edathinal Francis
Edathumparampil Joseph
Ellathuparampil Joseph
Erattamakil Paul
Erimattathil Abraham
Eruppakkattu Philip
Eruvelikunnel Antony
Ettumanukaran Alvin
Illimoottil Joseph
Illimoottil Thomas
Kachiramattam Augustine
Kadalikattil Mathew
Kadaplackal Sebastian
Kaduthodil Jacob
Kaitholil Joseph
Kakkaniyil Abraham
Kakkattuthadathil (Vanmelil) Thomas
Kalachirayil Thomas
Kalappurackal Joseph
Kalayil Mathew
Kallarackal Martin
Kandaparambath Joseph RCJ
Kaniampadickal Sebastian
Kaniyampady Mathew
Kaniyodickal Joseph
Kannanthanam John
Kappil Joseph
Kappiliparampil Kuriakose
Karamvely George
Karottukizhakkel Thomas
Kavalammackal Mathew
Kavumpurathu George
Keeranchira Jose
Kizhakearanjaniyil Mathew
Kizhakearanjaniyil George
Kizhakkekollithanath Thomas
Kizhakkeparampil Michael
Kochayyankanal James
Kochukaippettiyil Cyriac
Kochumuriyil Joseph
Kolath Mathew
Koottumkal Kuriakose
Koramkuzha Mathew
Kottayil Joseph
Kottukappally Lukose
Kozhuppankutty Mani
Kudilil James
Kulamakkal Abraham
Kumbulumoottil Sebastian
Kunnackattu Cherian (Biju)

Kunnappallil Jose
Kunnumpurath John
Kuruppasseriyil Joseph
Kuttarapallil John
Kuttikatt Thomas
Kuzhimullil Abraham
Kuzhinjalil Jose
Kuzhinjalil Mathew
Madathikunnel Joseph
Madathikunnel Paul
Madhurapuzha Thomas
Madickangal James
Madukavil George
Malamackal Scaria
Malayilputhenpura Thomas
Mamalasseril Tom Jose
Manankal John
Mandapathil George
Manianchira Joseph
Maniangatt Zacharias
Mannookuzhumpil George
Mannoor Thomas
Mathilakath Mathew
Mattam John
Mattam Kurian
Mattathil Philip
Mattel Francis
Mekkattukunnel Andrews
Menamparampil Scaria
Meyickel Joseph
Modiyil Scaria
Moolakunnel Alexander
Moolayil Thomas
Moolechalil George
Moolechalil Thomas
Mukalel Mathew
Mukaleparambil Joseph
Mukkamkuzhiyil Kurian
Mukkudikkattil Xavier
Mundackal Joseph
Nadackal Antony
Nadackal George
Nadackal Thomas
Naduviledam Paul
Naduvilekoot Joseph
Naduvilekoot Michael
Narithookil Kuriakose
Nellickatheruvil Jose
Niravath George
Njarakunnel George
Njaralakattu Antony
Njavally Thomas
Olickal Alexander
Olickalputhenpura Thomas
Ottathengumkal Enas
Ozhukayil George
Paikada Alexander
Palackathadathil Abraham
Pallackal Joseph
Panachickal Karottu James
Panackakuzhiyil Thomas
Pandiamackal Joseph (Sr.)
Panthalanickal Mathew
Panthiruvelil Mathew
Parackal Paul
Paraplackal Augustine
Paraplackal Francis
Paravummel Joseph
Parekunnel George
Pariath Joseph (Jr.)
Paruthiparayil Thomas
Pattery Thomas
Pazheparampil Sebastian
Peedikamalayil Augustine
Peedikayil Mathew
Pendanam Sebastian
Periappuram Emmanuel
Peringamalayil Issac

Periyappurathu Abraham
Pettapuzha Sebastian
Pinakkattu Mathew (Jr.)
Plathottathil Sebastian
Polachirakunnumpuram George
Ponnamvarickayil George
Poovathumkal Jose
Potheettel John
Pottakulam Jacob
Poyyaniyil Joseph
Pulinthanathu Kuriakose
Puliurumbil James
Pullukalayil George
Punnathanathu Thomas
Purayidathil Joseph
Puthiyaparampil George
Puthiyath Abraham
Puthiyidath Mathew
Puthuparambil Thomas
Thadathil Cyriac
Thakadiyel Abraham
Thalavayalil Abraham
Thalodil Augustine
Thannickapara Jacob
Tharappel Jose (Jr)
Tharappel Jose (Sr)
Thayil Mathew
Thayyil Thomas
Thazhathuvarikayil Joseph
Thekkel Joseph (Jr.)
Thengumpallil Joseph
Theruvankunnel Mathew
Theruvil George
Thevarkunnel Mathew
Thevarparampil Joseph
Tholanickal Joseph
Thudiamplackal Kuruvila
Thuruthippallil Mathew
Vadakara Joseph
Vadakkekara Michael
Vadakkekutt Joseph
Vadakkel Jacob
Vadakkemangalath Joseph
Vadakkenellikattil Joseph
Vadakkethottiyil George
Valiyaveettil Kalappura Sebastian
Vallompurayidathil Jose
Vanchipurackal Abraham
Varakukalaparampil George
Varickamackal Kurian
Varickamakal Augustine
Vattamattathil Philip
Vattappalam Devasiachan
Vattappillil Joseph
Vayalil James
Vayalil Joseph
Vayaliparambil George
Vazhacharickal Thomas
Vazhackaparayil Mathew
Vazhakalayil Antony
Vazhayil Thomas
Vazheparampil Zacharia
Vedikunnel Thomas
Velamparambil Cyrus
Vellachalil Kuriakose
Velooparambil George
Vengaloor Mathew
Vennayappillil Mathew
Vettathel Joseph
Vettukallel George
Vettukallel Mathew (Sr.)
Vettukallumpurath Joseph
Vettukattil Thomas
Vilakkunnel Joseph




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**തൊണ്ണൂറു ശതമാനം പൊള്ളലേറ്റ കുരുന്നിനു മാർ സ്ലീവാ മെഡിസിറ്റിയിൽ അത്ഭുത പുനർജന്മം**

ശരീരം തൊണ്ണൂറുശതമാനവും പൊള്ളലേറ്റ് മരണത്തെ മുഖാമുഖം കണ്ട രണ്ടു വയസ്സുകാരനു മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ ചികിത്സാവിഭാഗങ്ങൾ ചേർന്നുനൽകിയത് അത്ഭുത പുനർജന്മം. ഇടുക്കി വണ്ടൻമേട് സ്വദേശിയായ രണ്ടു വയസ്സുകാരൻ കളിചിരികളും കളിപ്പാട്ടങ്ങളുമായി വീട്ടിലേക്കു തിരികെമടങ്ങിയപ്പോൾ പരിചരിച്ചവർ ഒന്നടങ്കം അവനു സ്നേഹചുംബനങ്ങൾ നൽകിയാണ് പുതുജീവിതത്തിലേക്കു യാത്രയാക്കിയത്. കഴിഞ്ഞ ഒക്ടോബർ 9ന് വൈകുന്നേരം വീടിനുള്ളിൽ തിളപ്പിച്ചുവച്ച ചൂടുവെള്ളത്തിലേക്കു വീണായിരുന്നു രണ്ടു വയസ്സുകാരന് അപകടമുണ്ടായത്. തല മുതൽ കാൽമുട്ടുവരെയുള്ള ഭാഗം പൂർണ്ണമായും പൊള്ളലേറ്റിരുന്നു. ഇടുക്കിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച ശേഷം കുഞ്ഞിനെ മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചപ്പോൾ അതീവഗുരുതരാവസ്ഥയിലായിരുന്നു. എമർജൻസിവിഭാഗത്തിൽനിന്നു പീഡിയാട്രിക് ഇന്റൻസിവിസ്റ്റിന്റെ നേതൃത്വത്തിലുള്ള പീഡിയാട്രിക് ഐ.സി.യുവിലും പിന്നീട് ബേൺ ഐ.സി.യുവിലും കുഞ്ഞിനെ പ്രവേശിപ്പിച്ചു. തുടർന്ന് ആഴ്ചകളും മാസങ്ങളും നടന്നത് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ അതീവസങ്കീർണ്ണമായ ചികിത്സകളുടെയും ശസ്ത്രക്രിയകളുടെയും പരമ്പരകളാണ്. ചികിത്സയിൽ പ്രവേശിപ്പിച്ച ആദ്യദിനങ്ങളിൽ വൃക്കയ്ക്കു തകരാർ ഉണ്ടായിരുന്നു. എങ്കിലും താമസിയാതെതന്നെ

വൃക്കയുടെ പ്രവർത്തനം സാധാരണഗതിയിലായി. അത്യാധുനിക വെന്റിലേറ്റർ സംവിധാനം ക്രമീകരിച്ചാണ് കുഞ്ഞിന്റെ ശ്വസനം നിയന്ത്രിച്ചിരുന്നത്. ശ്വാസതടസ്സം ഒഴിവാക്കുന്നതിനായി മൂന്നാഴ്ച കഴിഞ്ഞപ്പോൾ ട്രക്കിയോസ്ടമിയും (തൊണ്ടയുടെ താഴെ ഭാഗം കിഴിച്ച്) വേണ്ടി വന്നു. ദേഹമാസകലം പൊള്ളലേറ്റ കുരുന്നിന്റെ ശരീരം സാധാരണനിലയിലേക്ക് എത്തിക്കാനുള്ള ദൗത്യം പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് വിഭാഗമാണ് ഏറ്റെടുത്തത്. തുടർന്നുവേണ്ടിവന്നത് എട്ടു ശസ്ത്രക്രിയകളാണ്. കുഞ്ഞിന്റ ശരീരം പൂർണ്ണമായി പൊള്ളിയിരുന്നതിനാൽ മാതാവിന്റെ ശരീരത്തിൽനിന്ന് സ്കിൻ ഗ്രാഫ്റ്റ് എടുത്താണ് ആദ്യശസ്ത്രക്രിയകൾ ചെയ്തിരുന്നത്. ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസസും പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്ടീവ് വിഭാഗം മേധാവിയുമായ എയർ കോമഡോർ ഡോ.പോളിൻ ബാബു, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോ.സഫേലിയ നാസർ, പ്ലാസ്റ്റിക് ആൻഡ് റീകൺസട്രക്ടീവ് വിഭാഗത്തിലെ ഡോ.അശ്വതി ചന്ദ്രൻ, ഡോ.അനീഷ് ജോസഫ്, നെഫ്രോളജി വിഭാഗത്തിലെ ഡോ. മഞ്ജുള രാമചന്ദ്രൻ, ഡോ.തരുൺ ലോറൻസ്, പീഡിയാട്രിക് വിഭാഗത്തിലെ ഡോ.ജിസ് തോമസ്, ഇ.എൻ.റ്റി വിഭാഗത്തിലെ ഡോ.ജോൺ മാത്യു, ഡോ.ലിനു തോമസ്, എമർജൻസി ഫിസിഷ്യൻ ഡോ.അമൽ സ്കറിയ, അനസ്തേഷ്യോളജി വിഭാഗത്തിലെ ഡോ.മഞ്ജിത്ത് ജോർജ്, ഡോ.ലിബി ജെ.പാപ്പച്ചൻ, ഡോ.എബി ജോൺ, ഡോ.അഞ്ജു ജനാർദനൻ, കൺസൾട്ടന്റുമാരായ ഡോ.ജെയിംസ് സിറിയക്, ഡോ.ബേസിൽ പോൾ കുന്നത്ത്, ഡോ.ശിവാനി ബക്ഷി, ഡോ.സേവ്യർ ജോൺ എന്നിവരുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘമായിരുന്നു നാലു മാസം നീണ്ട ചികിത്സകൾ നയിച്ചത്.മരണത്തെ മുഖാമുഖം കണ്ട അപകടത്തിൽ നിന്നു പുതുജീവിതത്തിലേക്കു മടങ്ങിയ രണ്ടു വയസ്സുകാരനു കേക്ക് മുറിച്ച് മധുരം പങ്കുവച്ചും സമ്മാനങ്ങൾ നൽകിയുമാണ് യാത്രയാക്കിയത്. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ വെരി. റവ.ഫാ. മാത്യു തെക്കേൽ, ഓപ്പറേഷൻസ്, പ്രൊജക്ട്സ്, ലീഗൽ ആൻഡ് ലെയ്സൺ അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ഹ്യൂമൻ റിസോഴ്സസ്, നഴ്സിങ് ആൻഡ് അക്കാദമിക് അസോസിയേറ്റ് ഡയറക്ടർ റവ.ഡോ.ജോസഫ് കരികുളം, ഫിനാൻസ് ആൻഡ് മെറ്റീരിയൽസ് അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ആയുഷ് വിഭാഗം അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.മാത്യു ചേന്നാട്ട്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിലാണ് കുരുന്നിനെ വീട്ടിലേക്കു യാത്രയാക്കിയത്.

**അപകടത്തിൽ ഗുരുതരപരുക്കേറ്റ വിദേശവനിതയെ ശസ്ത്രക്രിയയിലൂടെ രക്ഷപ്പെടുത്തി മാർ സ്ലീവാ മെഡിസിറ്റി**

ബുള്ളറ്റ് മറിഞ്ഞുണ്ടായ അപകടത്തിൽ വയറിനുൾപ്പെടെ അതീവ ഗുരുതര പരുക്കേറ്റ വിദേശവനിത മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ശസ്ത്രക്രിയകളിലൂടെ ജീവിതത്തിലേക്കു തിരിച്ചെത്തി. ഫ്രാൻസ് സ്വദേശിനിയായ 56 കാരിയാണ് വിനോദസഞ്ചാരത്തിനായി തേക്കടിയിൽ എത്തിയപ്പോൾ അപകടത്തിൽപ്പെട്ടത്. കഴിഞ്ഞ ഫെബ്രുവരി 25നായിരുന്നു അപകടം. കുമളിയിൽ പ്രഥമശുശ്രൂഷ നൽകിയശേഷം ഉടൻ മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിക്കുകയായിരുന്നു. തുടർന്നുനടത്തിയ പരിശോധനയിൽ വാരിയെല്ല് ഒടിഞ്ഞതായും വയറിലെ പ്ലീഹയും, പാൻക്രിയാസിന്റെ ഒരു ഭാഗവും തകർന്നതായും കണ്ടെത്തി. വയറിനുള്ളിൽ അതീവരക്തസ്രാവം ഉണ്ടാകുകയും രക്തസമ്മർദം താഴ്ന്ന് അപകടനിലയിലുമായിരുന്നു വിദേശവനിത. കൂടാതെ, കാലിനും നടുവിനും ഗുരുതര പരുക്കേറ്റിരുന്നു. ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം മേധാവി ഡോ.രാജേഷ് ആന്റണിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ പ്ലീഹയുടെ രക്തക്കുഴലുകൾ ബ്ലോക്ക് ചെയ്ത് രക്തസ്രാവം നിയന്ത്രിച്ചു. തുടർന്നു സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം മേധാവി ഡോ.മഞ്ജു രാജ് കെ.പി.യുടെ നേതൃത്വത്തിൽ അടിയന്തര ശസ്ത്രക്രിയ നടത്തി വിദേശ വനിതയെ ജീവിതത്തിലേക്കു തിരികെയെത്തിക്കുകയായിരുന്നു. പരുക്കേറ്റു തകർന്ന പ്ലീഹയും, പാൻക്രിയാസിന്റെ ഭാഗവും കീഹോൾ ശസ്ത്രക്രിയയിലൂടെ എടുത്തുമാറ്റുകയും വയറിലെ രക്തസ്രാവം നീക്കം ചെയ്യുകയും ചെയ്തു. ഗ്യാസ്ട്രോഎന്ററോളജി കൺസൾട്ടന്റുമാരായ ഡോ.എ.ജി.ഹരിശങ്കർ, ഡോ.കിരൺനാഥ് എ.വി, അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.അനു ജനാർദനൻ എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് രാജീവ് പി.ബി, ന്യൂറോസർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ആർ.രാജീവ് എന്നിവരുടെ നേതൃത്വത്തിൽ കാലിനും നടുവിനും ഉണ്ടായ പരുക്കുകൾ ഭേദപ്പെടുത്തി. സുഖം പ്രാപിച്ച വിദേശ വനിത ഫ്രാൻസിലേക്കു മടങ്ങി. മാർ സ്ലീവാ മെഡിസിറ്റിയുടെ വിവിധ വിഭാഗങ്ങളിൽനിന്നു ലഭിച്ച ഉന്നതഗുണനിലവാരമുള്ള ചികിത്സയും പരിചരണവും ഹൃദയത്തിൽ പതിഞ്ഞതായി വിദേശവനിത പറഞ്ഞു. ചികിത്സാ ടീം അംഗങ്ങൾക്കും ആശുപത്രി മാനേജ്മെന്റിനും നന്ദി അറിയിച്ചായിരുന്നു ഫ്രാൻസിലേക്കുള്ള മടക്കം.

**ലീഡർഷിപ്പ് ഫെലിസിറ്റേഷൻ ആൻഡ് സിവിക് കണക്ട് പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കിടങ്ങൂർ, മുത്തോലി, അകലക്കുന്നം, കൊഴുവനാൽ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കായി ലീഡർഷിപ്പ് ഫെലിസിറ്റേഷൻ ആൻഡ് സിവിക് കണക്ട് പ്രോഗ്രാം സംഘടിപ്പിച്ചു. പാലാ രൂപത മുഖ്യവികാരി ജനറൽ മോൺ. വെരി.റവ.ഡോ.ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം നിമ്മി ടിങ്കിൾരാജ്, ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ജോസ് പ്ലാക്കൂട്ടം, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെയ്ജി പാലക്കലോടി, കൊഴുവനാൽ പഞ്ചായത്ത് പ്രസിഡന്റ് ജോസി ജോസഫ് പൊയ്കയിൽ, വൈസ് പ്രസിഡന്റ് ആലീസ് ജോയി, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ്, ഐടി അസോസിയേറ്റ് ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ജെറിയാട്രിക് വിഭാഗം ആരംഭിച്ചു**

അറുപതു വയസ്സിനു മുകളിൽ പ്രായമുള്ളവർക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ ജെറിയാട്രിക് വിഭാഗം പ്രവർത്തനം ആരംഭിച്ചു.പ്രായമായവരുടെ രോഗങ്ങൾക്കും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും നൂതന ചികിത്സാസൗകര്യങ്ങൾ ജെറിയാട്രിക്വിഭാഗത്തിന്റെ നേതൃത്വത്തിൽ ലഭ്യമാണ്. ഡയബറ്റിസ്, ഹൈപ്പർടെൻഷൻ, ഹൃദ്രോഗം തുടങ്ങി വിവിധ രോഗങ്ങൾ ഒരുമിച്ചുള്ളവർ, പല രോഗങ്ങൾക്കായി അഞ്ചിലധികം മരുന്നു കഴിക്കുന്നവർ, വീണു പരുക്കേറ്റു ചികിത്സ തേടിയവർ, വീഴുമോ എന്ന് ഭയമുള്ളവർ, മറവിരോഗം, തലചുറ്റൽ, നടക്കുമ്പോൾ തളർച്ച, ശരീരവേദനകൾ, നീണ്ടുനിൽക്കുന്ന വേദന, ഭാരക്കുറവ് മാനസികവിഷാദം തുടങ്ങിയവ നേരിടുന്നവർ, വീട്ടിൽ ഒറ്റയ്ക്കു താമസിക്കുന്നവർ എന്നിവർക്കെല്ലാം ജെറിയാട്രാക്വിഭാഗത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. മുതിർന്നവരുടെ ആരോഗ്യപരിചരണരംഗത്ത് പ്രത്യേക പരിശീലനം നേടിയിട്ടുള്ള ഡോ.ആർ.ലിഡിയ ജേക്കബിന്റെ നേതൃത്വത്തിലാണ് ജെറിയാട്രിക്വിഭാഗത്തിന്റെ സേവനങ്ങൾ ലഭ്യമാകുക.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക വനിതാദിനാചരണം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ അധ്യക്ഷത വഹിച്ചു. വനിതകൾക്കായി പ്രത്യേക ഇളവുകളോടെ

വിവിധ ആരോഗ്യപരിശോധന പാക്കേജുകളും ചികിത്സാസേവനങ്ങളും ലഭ്യമാകുന്ന പിങ്ക് പ്രിവിലേജ് കാർഡിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, ചീഫ് നഴ്സിങ് ഓഫിസർ ലഫ്.കേണൽ മജല്ല മാത്യു, മാനേജിങ് ഡയറക്ടറുടെ സെക്രട്ടറി സുജ ബിനു വർഗീസ് എന്നിവർ പ്രസംഗിച്ചു. സ്ത്രീകളുടെ ആരോഗ്യസംരക്ഷണം എന്ന വിഷയത്തിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.പാർവതി ദാസ് ക്ലാസ്സ് നയിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതകൾക്കായി പിങ്ക് കാർഡ്**

ലോക വനിതാദിനത്തോടനുബന്ധിച്ചു മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതകൾക്കായി ആരംഭിച്ച പിങ്ക് പ്രിവിലേജ് കാർഡ് എടുക്കുന്നവർക്കു സൗജന്യ രജിസ്ട്രേഷൻ കൂടാതെ ഡോക്ടർ കൺസൾട്ടേഷൻ, ഒ.പി.ലബോറട്ടറി, റേഡിയോളജി സേവനങ്ങൾ, ഹെൽത്ത് ചെക്കപ്പ്, ഐപി സേവനങ്ങൾ എന്നിവയിൽ പ്രത്യേക ഇളവുകൾ ലഭിക്കും.ചർമ്മസംരക്ഷണത്തിനായുള്ള ചികിത്സകൾക്കായി ഡെർമറ്റോളജി വിഭാഗത്തിൽ ഹൈഡ്രാഫേഷ്യലിന് 20 ശതമാനവും, ആയുർവേദവിഭാഗത്തിൽ ആയുർവേദ വെൽനെസ് പാക്കേജിന് 20 ശതമാനവും, ആയുർവേദ കോസ്മറ്റോളജി ചികിത്സയ്ക്ക് 25 ശതമാനവും, ഗൈനക്കോളജിസംബന്ധമായ പ്രശ്നങ്ങൾക്കുള്ള പ്രത്യേക ആയുർവേദ പുനർനവ പാക്കേജിന് 25 ശതമാനവും ഇളവ് പിങ്ക് കാർഡ് ഉടമകൾക്കു ലഭിക്കും. കൂടാതെ പിങ്ക് കാർഡ് ഉടമയ്ക്ക് സൗജന്യ എ.ഐ ബ്രസ്റ്റ് സ്ക്രീനിങ്ങും, സൗജന്യ യോഗ സെഷനും ലഭ്യമാകും. ഒരു വർഷംവരെ കാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും.

**ഡയറ്റ് പ്ലാൻ ബോധൽക്കരണക്ലാസ്സ് - ഏറ്റുമാനൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ ഫുഡ് സേഫ്റ്റി ഓഫീസുമായി സഹകരിച്ചു തൊഴിലുറപ്പ് അംഗങ്ങൾ, ആശാവർക്കർമാർ എന്നിവർക്കായി ഡയറ്റ് പ്ലാൻ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഡയറ്റീഷ്യൻ രശ്മി ആർ.നായർ ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - കുറവിലങ്ങാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദേവാലയവുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി, ഓങ്കോളജി, ജനറൽ മെഡിസിൻ വിഭാഗത്തിലെ വിദഗ്ധഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് - കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം സൗത്ത് റോട്ടറിയുമായി സഹകരിച്ചു സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - തൊടുപുഴ**

മാർ സ്ലീവാ മെഡിസിറ്റി ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ തൊടുപുഴ ന്യൂമാൻ കോളജിലെ വിദ്യാർത്ഥികൾക്കായി സൗജന്യ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സ് നയിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് കോളജിലെ വിദ്യാർത്ഥികൾക്കായി സൗജന്യ ബി.എൽ.എസ്. പരിശീലനം നടത്തി. എമർജൻസി ടെക്നീഷ്യൻ അഖിൽ വിജയൻ നേതൃത്വം നൽകി.

**രക്തദാനക്യാമ്പ് സംഘടിപ്പിച്ചു - മൂലമറ്റം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലയൺസ് ക്ലബ്ബുമായി സഹകരിച്ചു സെന്റ് ജോസഫ്സ് കോളജിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ രക്തംദാനം ചെയ്തു.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പുലിയന്നൂർ ഷലോം ഡി.സി.എം.ആർ സ്പെഷ്യൽ സ്കൂളിലെ രക്ഷാകർത്താക്കൾക്കും അധ്യാപകർക്കുമായി സൗജന്യ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ്, പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.അനിറ്റ ആൻ സൈമൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഡയറ്റ് പ്ലാൻ ബോധൽക്കരണക്ലാസ്സ് - ഏറ്റുമാനൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ ഫുഡ് സേഫ്റ്റി ഓഫീസുമായി സഹകരിച്ചു കുടുംബശ്രീ അംഗങ്ങൾക്കായി ഡയറ്റ് പ്ലാൻ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഡയറ്റീഷ്യൻ മിനു മരിയ ജോസഫ് ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ സപ്പോർട്ട് നൽകി - കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഭീമ ജ്വല്ലറിയുടെ കേരള സെൻട്രൽ ക്ലസ്റ്റർ കായികമേളയ്ക്ക് സൗജന്യ മെഡിക്കൽ സപ്പോർട്ടും ആംബുലൻസ് സേവനവും ക്രമീകരിച്ചു നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം എം.ആർ.എഫിലെ ഉദ്യോഗസ്ഥർക്കായി ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. കമ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സ് നയിച്ചു.

**സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധനക്യാമ്പ് – വൈക്കം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വൈക്കം ലേക്ക് സിറ്റി റോട്ടറിക്ലബ്ബുമായി സഹകരിച്ചു സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധനക്യാമ്പ് നടത്തി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം എം.ആർ.എഫിലെ ഉദ്യോഗസ്ഥർക്കായി മാനസികാരോഗ്യം സംബന്ധിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – പെരുവന്താനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പെരുവന്താനം സെന്റ് ആന്റണീസ് കോളജുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കാർഡിയോളജി, ജനറൽ മെഡിസിൻ, ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**ഐ.എം.എ പത്തനംതിട്ടയിൽ സി.എം.ഇ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഐ.എം.എ പത്തനംതിട്ടയിൽ ക്ലിനിക്കൽ എക്സലൻസ് മീറ്റ് സംഘടിപ്പിച്ചു. പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർമാർ പ്രബന്ധം അവതരിപ്പിച്ചു.

**സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സും പരിശോധനയും – മൂന്നിലവ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മൂന്നിലവ് സെന്റ് മേരീസ് പള്ളിയിൽ സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും പരിശോധനക്യാമ്പും നടത്തി. വികാരി റവ.ഫാ.കുര്യൻ തടത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. ഓങ്കോളജി വിഭാഗം അസോ.കൺസൾട്ടന്റ് ഡോ. ആൻസി മാത്യു ക്യാമ്പിനു നേതൃത്വം നൽകി.

**ബിൽഡത്തോൺ എക്സിബിഷനിൽ മാർ സ്ലീവാ മെഡിസിറ്റിയും**

ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജിൽ നടന്ന ബിൽഡത്തോൺ –2026 ടെക്ഫെസ്റ്റിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ

പ്രദർശന സ്റ്റാളും സംഘടിപ്പിച്ചു. സ്തനാർബുദപരിശോധനയ്ക്കുള്ള എ.ഐ.തെർമാലാറ്റിക്സ് പരിശോധനയെക്കുറിച്ചു ബോധവൽക്കരണവും നടത്തി.

**സൗജന്യ ഡയറ്റ് പ്ലാൻ ബോധൽക്കരണക്ലാസ്സ് – ഉഴവൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഫുഡ് സേഫ്റ്റി ഓഫീസുമായി സഹകരിച്ച് ഉഴവൂർ പഞ്ചായത്തിലെ കുടുംബശ്രീ, ആശാ വർക്കർമാർ എന്നിവർക്കായി ഡയറ്റ് പ്ലാൻ സംബന്ധിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഡയറ്റീഷ്യൻ നിയമോൾ ജോസഫ് ക്ലാസ്സ് നയിച്ചു.

**ഓൺലൈൻ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രവാസി അപ്പോസ്തലേറ്റുമായി സഹകരിച്ച് 'അസ്ഥിരോഗങ്ങളും പ്രതിരോധമാർഗങ്ങളും' എന്ന വിഷയത്തിൽ ഓൺലൈൻ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രാജേഷ് വി ക്ലാസ്സ് നയിച്ചു.

**ഹെൽത്ത്ടോക്ക് സീരീസ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നുവരുന്ന ഹെൽത്ത്ടോക്ക് സീരീസിന്റെ ഭാഗമായി ആമവാതം - ലക്ഷണങ്ങൾ, രോഗനിർണ്ണയം, ചികിത്സ എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തി. റുമറ്റോളജി വിഭാഗം കൺസൾട്ടന്റ് ആൻഡ് കോ ഓർഡിനേറ്റർ ഡോ. ബേസിൽ പോൾ കുന്നത്ത് ക്ലാസ്സ് നയിച്ചു.

**സൗജന്യബോധവൽക്കരണ ക്ലാസ്സ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാനറ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ അംഗങ്ങൾക്കായി ലോക വനിതാദിനത്തിന്റെ ഭാഗമായി കാനറ ബാങ്ക് സംക്രാന്തി മേഖല ഓഫീസിൽ വച്ച് മാനസികാരോഗ്യം എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എം.ജി സർവകലാശാലായിലെ ഉദ്യോഗസ്ഥർക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജിവിഭാഗം നേതൃത്വം നൽകി.

**രക്തദാനക്യാമ്പ് നടത്തി – ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ എൻഎസ്എസ് യൂണിറ്റുമായി സഹകരിച്ച് സൗജന്യ രക്തദാന ക്യാമ്പ് നടത്തി.

**സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് – നരിയങ്ങാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നരിയങ്ങാനം പാറയിൽ എക്സ്പോർട്ട്സുമായി സഹകരിച്ചു ജീവനക്കാർക്കായി സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധനക്യാമ്പ് നടത്തി.

**സൗജന്യ കാൻസർ പരിശോധനക്യാമ്പ് – അറുനൂറ്റിമംഗലം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അറുനൂറ്റിമംഗലം കൃപ പുരുഷസൗഹൃദവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ പരിശോധനക്യാമ്പും ബോധവൽക്കരണക്ലാസ്സും സംഘടിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – നീലൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നീലൂർ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് പള്ളിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, കാർഡിയോളജി, ഓർത്തോപീഡിക്സ്, പൾമനറി വിഭാഗത്തിലെ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് – ഇളംതോട്ടം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇളംതോട്ടം റോട്ടറി ക്ലബ്ബുമായി സഹകരിച്ചു സൗജന്യ എ.ഐ. മാമ്മോഗ്രാം പരിശോധന ക്യാമ്പ് നടത്തി.

**വിവിധ സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിന് എം.ഒ.യു ഒപ്പിട്ടു.**

മാർ സ്ലീവാ മെഡിസിറ്റി കോർപറേറ്റ് റിലേഷൻസിന്റെ ഭാഗമായി എം.ജി.സർവകലാശാല കോട്ടയം, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോട്ടയം ജില്ലാകമ്മിറ്റി, മിഡാസ് കമ്പനി എന്നിവയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിന് എം.ഒ.യു ഒപ്പിട്ടു. ഈ സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി പ്രത്യേക അനുകൂല്യങ്ങളും ലഭ്യമാകും.ഇതോടെ ഈ സാമ്പത്തികവർഷത്തിൽ ആകെ 21 സ്ഥാപനങ്ങളുമായി മാർ സ്ലീവാ മെഡിസിറ്റി എം.ഒ.യു ഒപ്പിട്ടു.

**എക്സ്പ്രസ് ഹെൽത്ത് ചെക്കപ്പ് ആരംഭിച്ചു**

ജോലിത്തിരക്കിനിടയിൽ ഹെൽത്ത് ചെക്കപ്പിനു സമയം ലഭിക്കാത്തവർക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ എക്സ്പ്രസ് ഹെൽത്ത് ചെക്കപ്പ് ആരംഭിച്ചു. വിവിധ ഓഫീസുകളിലേക്കും ദൂരസ്ഥലത്തേക്കും ജോലിക്കു പോകേണ്ടവർക്ക് വേഗത്തിൽ ഹെൽത്ത് ചെക്കപ്പ് നടത്തി മടങ്ങാവുന്ന സംവിധാനമാണ് ക്രമീകരിച്ചിരിക്കുന്നത്. ഫാസ്റ്റ്ട്രാക്ക് സ്ക്രീനിങ്ങിനായി പ്രത്യേക സൗകര്യങ്ങളും ഏർപ്പെടുത്തി.

**സർജറി മെഡിക്കൽ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിലെ എല്ലാ ശസ്ത്രക്രിയാവിഭാഗങ്ങളെയും ഉൾപ്പെടുത്തി സർജറി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പൊതുജനങ്ങൾക്ക് പ്രത്യേക കൺസഷനുകൾ നൽകിയായിരുന്നു ക്യാമ്പ് ക്രമീകരിച്ചത്.

**വെരിക്കോസ് സർജറി ക്യാമ്പ് സംഘടിപ്പിച്ചു**

വെരിക്കോസ് രോഗത്തിൽ വിഷമിക്കുന്നവർക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ വെരിക്കോസ് സർജറി ക്യാമ്പ് സംഘടിപ്പിച്ചു. ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് പ്രത്യേക ഇളവുകളും ക്യാമ്പിന്റെ ഭാഗമായി നൽകി.

**വിവിധ ഡോക്ടർമാർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ.റിജോ സാബു, ന്യൂറോസർജറി ആൻഡ് സ്പൈൻസർജറി വിഭാഗത്തിൽ അസോ.കൺസൾട്ടന്റായി ഡോ.അജയ് എം.ജോസ്, ജറിയാട്രിക് മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായി ഡോ.ലിഡിയ ജേക്കബ് എന്നിവർ ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോർജ് രാജേന്ദ്രൻ SDB, (തക്കല രൂപത)

Most Rev. Dr. യൂഹാനോൻ മാർ തെയഡോഷ്യസ് (മൂവാറ്റുപുഴ രൂപത)

Most Rev. അന്തോണി സാമി സാവറി മുത്തു (മധുര രൂപത)

അബ്രഹാം മാർ ജൂലിയോസ് (മൂവാറ്റുപുഴ രൂപത മുൻമെത്രാൻ)

ഡോ.H.N. ഗോപാലകൃഷ്ണൻ IAS (Labour Commissioner MD, KSDC, Govt of Karnataka)

S. ജയന്തി IAS (Karnataka)

ശ്രീ. റോഷി അഗസ്റ്റിൻ (ജലസേചനവകുപ്പുമന്ത്രി)

**രോഗിദിനം**

അൽഫോൻസാതീർത്ഥാടനകേന്ദ്രം മാർച്ച് 13, രോഗിദിനമായി ആചരിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ ദിവ്യകാരുണ്യ ആരാധനയും, രോഗികൾക്കായി കൈവയ്പുപ്രാർത്ഥനയും നടത്തി. 11.30 നുള്ള വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു. ഫാ. മാത്യു അറയ്ക്കപ്പറമ്പിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ സഹോദരങ്ങൾക്കുവേണ്ടി മാർച്ച് 1 ഞായറാഴ്ച വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**രാത്രിയാരാധന**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാമാസവും നടത്തിവരാറുള്ള രാത്രിയാരാധന മാർച്ചു മാസം 21 ന് നടന്നു. വൈകിട്ട് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന, രാവിലെ നാലു മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. മാത്യു കുമ്പുളുങ്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**തീർത്ഥാടകപ്രവാഹം**

മാർച്ചുമാസത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും ആയിരക്കണക്കിന് തീർത്ഥാടകരാണ് ഇവിടെ എത്തിയത്. തമിഴ്നാട്ടിൽനിന്നുമാണ് ഏറ്റവും കൂടുതൽ തീർത്ഥാടകർ വന്നത്.

**വലിയനോമ്പ് ആചരണം**

അൽഫോൻസാ തീർത്ഥാടനകേന്ദ്രം വലിയനോമ്പിന്റെ ദിവസങ്ങളിൽ 'വലിയനോമ്പ് അൽഫോൻസാമ്മയോടൊപ്പം' എന്ന പേരിൽ 40 ദിവസത്തെ പ്രോഗ്രാം നടത്തിവരുന്നു. വലിയനോമ്പിന്റെ 40 ദിവസങ്ങളിൽ തിങ്കൾ മുതൽ ശനിവരെ എല്ലാദിവസവും വൈകുന്നേരം 4.30 ന് ആരാധനയും 5 മണിക്ക് വിശുദ്ധ കുർബാനയും നോമ്പ് സന്ദേശവും അൽഫോൻസാ ഷ്റൈനിൽ നടന്നുവരുന്നു.

ഈ ദിവസങ്ങളിൽ ആരാധനയ്ക്കും വിശുദ്ധ കുർബാനയ്ക്കും നേതൃത്വം നൽകിയവർ.

ഫെബ്രുവരി16 : വെരി. റവ.ഡോ. വിൻസെന്റ് കദളിക്കാട്ടിൽ പുത്തൻപുര MST( Director General, MST)-അനുതാപിയുടെ കണ്ണുനീർ നീതിമാന്റെ സംഗീതത്തേക്കാൾ വേഗം ദൈവം സ്വീകരിക്കും. - വി. അപ്രേം

ഫെബ്രുവരി 17: റവ. ഡോ. തോമസ് കാലാച്ചിറയിൽ (G.S.M. Seminary, Pala) 'സ്വയം വിശുദ്ധീകൃതരാകുവിൻ, അതുവഴി സമൂഹത്തെയും നിങ്ങൾ വിശുദ്ധീകരിക്കും' (വി.അസ്സീസി)

ഫെബ്രുവരി 18: ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ (Director, Mar Sleeva Medicity , Pala) - മുറിപ്പെടുത്തുന്ന പാപവും സുഖപ്പെടുത്തുന്ന പശ്ചാത്താപവും

ഫെബ്രുവരി 19: വെരി. റവ. ഡോ. ജേക്കബ് ഞാറോലിക്കൽ MST (Director, Deepthi Seminary)

ഫെബ്രുവരി 20: വെരി. റവ. ഫാ. ആദർശ് വടക്കേത്ത് OFM (അസ്സീസി ആശ്രമം) – ജീവിതനിയമമാക്കേണ്ട കർത്തൃപ്രാർത്ഥന

ഫെബ്രുവരി 21: വെരി.റവ.ഡോ.മോൺ. ജോസഫ് കണിയോടിക്കൽ (വികാരി ജനറാൾ, പാലാ രൂപത) – നോമ്പ്: ഹൃദയവിശുദ്ധിയുടെ സമയം

ഫെബ്രുവരി 23: വെരി. റവ.ഫാ.ആൻറണി കളത്തിൽ OFM Cap. (Rector, Seraphic Seminary, Bharananganam)

ഫെബ്രുവരി 24: വെരി. റവ. ഫാ. ഉല്ലാസ് വട്ടംതൊട്ടിയിൽ VC (Rector, Vincentian Seminary, Palai)- നോമ്പ്: ഹൃദയപ്രാർത്ഥനയുടെ സമയം

ഫെബ്രുവരി 25: ഫാ. ജോസഫിൻ മൂക്കംതോട്ടത്തിൽ (Asst. Vicar, Holy Cross Forane Chruch, Cherpunkal) –നോമ്പ്: ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുന്ന സമയം

ഫെബ്രുവരി 26: ഫാ. പ്രിൻസ് വള്ളോംപുരയിടം OFM. Cap. (കപ്പുച്ചിൻ ആശ്രമം, വഴിത്തല) –നമ്മെ ദൈവസദൃശരാക്കുന്ന കാരുണ്യം

ഫെബ്രുവരി 27: റവ.ഡോ. തോമസ് വടക്കേൽ (Secretary, CBCI Theology Commission) – ക്രിസ്തുവിനോടുകൂടി മരിച്ച്, ഉയിർക്കുന്ന ജ്ഞാനസ്നാനം

ഫെബ്രുവരി 28: വെരി.റവ.ഫാ. സെബാസ്റ്റ്യൻ നെടുംപുറത്ത് (കോതമംഗലം രൂപത)– നോമ്പ്: ആന്തരിക പെന്തക്കുസ്താസമയം

മാർച്ച് 2: ഫാ. ജോർജ് ഈറ്റകുന്നേൽ (വികാരി, നെല്ലാപ്പാറ പള്ളി)– നോമ്പ് : ദിവ്യകാരുണ്യസമയം, മുറിച്ചുനൽകുന്ന സ്നേഹം

മാർച്ച് 3: ഫാ. ജോർജ് കിഴക്കൻ പുതുപ്പള്ളി VC (Vincentian Seminary, Palai)- നോമ്പ്: അനുരഞ്ജനകൂദാശയുടെ സമയം

മാർച്ച് 4: ഫാ. സ്കറിയാ മേനാംപറമ്പിൽ (Asst. Curator) –മൂലപാപങ്ങളാകുന്ന കാർമേഘങ്ങൾ

മാർച്ച് 5: ജെയിംസ് തെക്കുംചേരിക്കുന്നേൽ MCBS (MCBS House Puthuvely)- നോമ്പ്: നാവിന്റെ ഉപവാസത്തിനും വിശുദ്ധ മൗനത്തിനും

മാർച്ച് 6: റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ (Director, HGM Hospital, Muttuchira)

മാർച്ച് 7: ഫാ. വിപിൻ കുരിശുതറ CMI (CMI HSS, മണപ്പുറം)–നോമ്പ്: നിങ്ങളുടെയും മറ്റുള്ളവരുടെയും ശരീരത്തെ മാനിക്കുവാൻ പഠിക്കുന്ന സമയം

മാർച്ച് 9: ഫാ. ഫ്രാൻസിസ് കിഴക്കേമ്യാലിൽ -OCD (Superior, Mount Carmel Ashram, Palai) –മറിയത്തോടൊപ്പം കുരിശിന്റെ വഴിയിൽ

മാർച്ച് 10: ഫാ. ജോസഫ് മൈലപ്പറമ്പിൽ (പൗരസ്ത്യവിദ്യാപീഠം, കോട്ടയം) നോമ്പ്: പരസ്പരം ക്ഷമ നൽകാനും, സ്വീകരിക്കുവാനും

മാർച്ച് 11: റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനി (വികാരി, മരങ്ങാട്ടുപിള്ളി) -പാദം കഴുകുന്ന പൗരോഹിത്യം

മാർച്ച് 12: ഫാ. ജോസ് തറപ്പേൽ (Sr.) (വികാരി, രത്നഗിരിപ്പള്ളി)- സമർപ്പണം: കുരിശിൻചുവട്ടിൽ ഒരു സ്ത്രീസമൂഹം

മാർച്ച് 13: റവ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ (പൗരസ്ത്യവിദ്യാപീഠം, വടവാതൂർ) -സങ്കീർത്തനങ്ങൾ പാടുന്ന ഈശോയോടൊപ്പം

മാർച്ച് 14: ഫാ. മാനുവൽ മണർകാട് (പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, വടവാതൂർ) -നോമ്പ് :സമാധാനം സ്വീകരിക്കാനുള്ള സമയം

മാർച്ച് 16: ഫാ. ജോൺ നടുത്തടം (വികാരി, ചോലത്തടം)

നോമ്പ് : അനുദിനം കുരിശുവഹിച്ച് അനുഗമിക്കാനുള്ള സമയം

മാർച്ച് 17: -ഫാ. മാർട്ടിൻ കല്ലറയ്ക്കൽ (Bursar, B.V. M.College, Cherpumkal) - നോമ്പ്: പിതാവിന്റെ തിരുഹിതം നിറവേറ്റുന്ന സമയം

മാർച്ച് 18: റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ (വടവാതൂർ സെമിനാരി)- നോമ്പ്: വചനമാകുന്ന വാൾ സ്വീകരിക്കുന്ന സമയം

മാർച്ച് 19: റവ. ഡോ. ജോസഫ് കരികുളം (Director , Mar Sleeva Medicity, Palai) - പരിശുദ്ധ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു.

മാർച്ച് 20: ഫാ. മനോജ് പൂത്തോട്ടാൽ സിഎംഐ (CMI House, Idamattom -നോമ്പ്: ദാനധർമ്മസമയം

മാർച്ച്21: റവ.ഡോ. ജോസഫ് തെക്കേക്കരോട്ട് MST (MST Asst. Director General, Melampara) - നോമ്പ് സഹായിക്കുന്ന ശിമയോനാകേണ്ട സമയം

മാർച്ച് 23: ഫാ. എബിൻ തെള്ളിക്കുന്നേൽ CRM (അഡോർണോ സെമിനാരി, മല്ലികശേരി)- ഇൻസിനു ജേസു: ഈശോയുടെ ഹൃദയത്തോടു ചേർന്ന്

മാർച്ച് 24: ഫാ. ജോൺ വയലിൽ (അസി. വികാരി, കൊഴുവനാൽ ഫൊറോന) - നോമ്പ്: മാലാഖമാരോടൊപ്പം ആയിരിക്കുന്നതിന്

മാർച്ച് 25: വെരി. റവ.ഫാ. എൽജിൻ മടിക്കാങ്കൽ CRM (സുപ്പീരിയർ, അഡോർണോ സെമിനാരി, മല്ലികശ്ശേരി) -നോമ്പ്: പ്രലോഭനത്തെയും പ്രലോഭകനെയും തോൽപ്പിക്കാൻ

മാർച്ച് 26: വെരി. റവ. ഫാ. ജോർജ് ചേപ്പില CST (റെക്ടർ, സിഎസ്ടി സെമിനാരി, മൂന്നാംതോട്)

മാർച്ച് 27: ഫാ. ടോം വാഴയിൽ (വികാരി, കുളമാവ് പള്ളി)-നോമ്പ്: പ്രായശ്ചിത്തവും ജീവിതനവീകരണവും

മാർച്ച് 28: വെരി. റവ.ഡോ. അബ്രഹാം കൊച്ചുപുരയിൽ MCBS (Provincial, MCBS Kottayam Province)

മാർച്ച് 30: ഫാ. ജോസ് കുഴിഞ്ഞാലിൽ (വികാരി, എടാട് പള്ളി) - ബഹു. വിനീതനായ രാജാവ്

മാർച്ച് 31: ഫാ. ജോസഫ് അമ്പാട്ട് (അസിസ്റ്റന്റ് റെക്ടർ, അൽഫോൻസാ ഷ്റൈൻ) -കുരിശ് രക്ഷയുടെ അടയാളം

ഏപ്രിൽ 1: റവ. ഫാ. മാത്യു കുറ്റിയാനിക്കൽ (അഡ്മിനിസ്ട്രേറ്റർ, സെന്റ് അൽഫോൻസാ) - സ്നേഹത്തിന്റെ കല്പന ജീവിക്കുക

ഏപ്രിൽ 4: റവ. ഫാ. ആന്റണി തോണക്കര (അസി. റെക്ടർ, സെന്റ് അൽഫോൻസാ ഷ്റൈൻ) - വലിയശനി, ഉത്ഥാനസന്ദേശം

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1.** CTP **കോഴ്സ് 2025-26**

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ മാർച്ചു മാസത്തെ ക്ലാസുകൾ ഭരണങ്ങാനം മാതൃഭവനിൽ വച്ച് 14, 21 തീയതികളിൽ നടന്നു. ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത്, ഫാ. അബ്രഹാം പാലക്കത്തടത്തിൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**ഏപ്രിൽ മാസത്തെ ക്ലാസുകൾ**

ഏപ്രിൽ 13, 14, 21 - ലിറ്റർജി: ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ.

**2. വാർഷികപ്പരീക്ഷ**

വാർഷികപ്പരീക്ഷയുടെ ചോദ്യപ്പേപ്പറുകൾ മാർച്ച് 31 ന് വിതരണം ചെയ്തു. 2026 ഏപ്രിൽ 6 തിങ്കളാഴ്ച പരീക്ഷ സൺഡേസ്കൂളുകളിൽ നടക്കും.

പരീക്ഷാസമയം

1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് രാവിലെ 10 മുതൽ 12 വരെ

8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

**3. വിശ്വാസോത്സവം**

ഏപ്രിൽ 7 മുതൽ 12 വരെ നടത്താൻ ഉദ്ദേശിച്ചിരുന്ന വിശ്വാസോത്സവദിനത്തിനിടയിൽ നിയമസഭാതിരഞ്ഞെടുപ്പ് വരുന്നതിനാൽ ഓരോ സൺഡേസ്കൂളിന്റെയും വ്യത്യസ്ത സാഹചര്യമനുസരിച്ച് ബഹു. വികാരിയച്ചനും, ബഹു. ഡയറക്ടറച്ചനും, പ്രഥമാധ്യാപകരും ചർച്ച ചെയ്ത്

ആ ദിനങ്ങളിൽ ആവശ്യമെങ്കിൽ അവധി നൽകുന്നു. അഭിവന്ദ്യ പിതാവിന്റെ നിർദേശമനുസരിച്ച് അവധിദിനങ്ങൾക്കുപകരം ഞായറാഴ്ചയ്ക്കു ശേഷം വരുന്ന ദിവസങ്ങളിൽ വിശ്വാസോത്സവം നടത്തി പരിഹരിക്കുവാൻ ഡയറക്ടർ സൺഡേസ്കൂളുകൾക്കു നിർദേശം നൽകി.

**4. വിചിന്തനം സെമിനാർ**

ഈ വർഷം (2025- 2026)IX -ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപതാതലത്തിൽ വിചിന്തനം സെമിനാർ ഏപ്രിൽ, മേയ് മാസങ്ങളിൽ 14 ബാച്ചുകളിലായി ഭരണങ്ങാനം മാതൃഭവനിൽവച്ചു നടക്കും. തീയതികൾ:

ഏപ്രിൽ :15,16,17,18,20,22,23,25,27,28,29.

മേയ് : 4,5,6.

**5. പരീക്ഷാ മൂല്യനിർണ്ണയം**

10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ രണ്ടാം ടേം പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 19 (പത്താം ക്ലാസ്സ്), 26 (പന്ത്രണ്ടാം ക്ലാസ്സ്) തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് രാവിലെ ഒമ്പതു മണി മുതൽ നടത്തപ്പെടും.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2026 മാർച്ച് മാസത്തെ എക്സിക്യൂട്ടീവ് യോഗം മാർച്ച് മാസം ഒന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനാം മാതൃഭവനിൽ വച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**വൈസ് ഡയറക്ടേഴ്സ് സമ്മേളനം**

മിഷൻലീഗ് പാലാ രൂപതയുടെ വൈസ് ഡയറക്ടേഴ്സ് സമ്മേളനം മാർച്ചു മാസം എട്ടാം തീയതി ഞായറാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**റീജിയണൽ സംഗമങ്ങൾ**

മിഷൻലീഗ് പാലാ രൂപതയിലെ അരുവിത്തുറ, തുടങ്ങനാട് റീജിയണുകളിലെ സംഗമം നടന്നു. മാർച്ചു മാസം 15-ാം തീയതി തുടങ്ങനാട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് തുടങ്ങനാട് മേഖ

ലയുടെയും തീക്കോയി സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് അരുവിത്തുറ റീജിയണിന്റെയും സംഗമങ്ങൾ നടന്നു

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**ബൈബിൾവാക്യമത്സരം**

കെ.സി.എസ്.എൽ പാലാ രൂപത എൽ.പി വിഭാഗത്തിലെ കുട്ടികൾക്കായി നടത്തിയ ബൈബിൾവാക്യമത്സരം ഫെബ്രുവരി 28 ന് പാലാ അൽഫോൻസാ കോളേജിൽ വച്ചു നടത്തപ്പെട്ടു. നൂറിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു.

*സമ്മാനാർഹരായ കുട്ടികൾ*

ഫസ്റ്റ് - അൽഫോൻസാ മരിയ എസ്, എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

സെക്കന്റ് - ഐറിൻ റോസ് റോജൻ, സെന്റ് മേരീസ് ജി.എൽ.പി. എസ്, കുറവിലങ്ങാട്

തേർഡ് - മരിയ ടെസ്സാ, സെന്റ് മേരീസ് ജി.എൽ.പി.എസ്, കുറവിലങ്ങാട്

*പ്രോത്സാഹനസമ്മാനത്തിനർഹരായവർ*

1. കാതറിൻ മരിയ റോജോ, സെന്റ് മേരീസ് ജി.എൽ.പി.എസ്, കുറവിലങ്ങാട്
2. ആൽബിൻ മനോജ്, എസ്.എച്ച്.എൽ.പി.എസ്, രാമപുരം
3. ദയ ജാസ്മിൻ, സെന്റ് മേരീസ് ജി.എൽ.പി.എസ്, കുറവിലങ്ങാട്
4. അലക്സാണ്ട്രിയസ് ടോബിൻ, സെന്റ് മേരീസ്, എൽ.പി.എസ്, ളാലം
5. ജോസഫിൻ അനൂപ്, സെന്റ് ആന്റണീസ് എൽ.പി.എസ്, കൂടല്ലൂർ

**സെൻട്രൽ കൗൺസിൽ മീറ്റിങ്**

മാർച്ച് 14 ശനിയാഴ്ച എറണാകുളം പി.ഒ.സി.യിൽ വച്ച് സി.സി. മീറ്റിങ് നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്നു പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**കെ.സി.എസ്.എൽ അവധിക്കാല ക്യാമ്പ്**

ഈ വർഷത്തെ കെ.സി.എസ്.എൽ രൂപതാ അവധിക്കാലക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടുന്നു. മേയ് 11,12 തീയതികളിലായി എച്ച്.എസ്.എസ്,എച്ച്.എസ് വിഭാഗങ്ങൾക്കും, മേയ് 14,15 തീയതികളിലായി യു.പി വിഭാഗത്തിനുമാണ് ക്യാമ്പ് നടത്തുന്നത്.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. പോൾ കുന്നുപുറത്ത്** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. ദൗത്യം ഹൃദയങ്ങളിലും ദർശനം കൈകളിലുമായി യുവജനങ്ങൾ ഇനി ചരിത്രം തിരുത്തുന്ന സമയം**

എസ്.എം.വൈ.എം. പാലാ രൂപത 2026-28 പ്രവർത്തനവർഷത്തിന് ഔദ്യോഗികതുടക്കം. 2026 ഫെബ്രുവരി 28ന് മണ്ണയ്ക്കനാട് യൂണിറ്റിൽ വച്ചു നടത്തപ്പെട്ട ചടങ്ങ് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കേരള ലാറ്റിൻ സഭാതല യുവജന പ്രസിഡന്റ് ശ്രീ പോൾ ജോസ് പടമാട്ടുമ്മൽ മുഖ്യപ്രഭാഷണം നടത്തി. എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡൻറ് മിജോ ജോയി അധ്യക്ഷത വഹിച്ച ചടങ്ങിൽ പാലാ രൂപത ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻ കുറ്റി, മണ്ണയ്ക്കനാട് യൂണിറ്റ് ഡയറക്ടർ റവ.ഫാ. സ്കറിയ മലമാക്കൽ, കുറവിലങ്ങാട് ഫൊറോന ഡയറക്ടർ റവ.ഫാ. ജോസഫ് ചൂരയ്ക്കൽ തുടങ്ങിയവർ സന്നിഹിതനായിരുന്നു.

**2. ബലിപീഠത്തിൽനിന്ന് ആരംഭം കുറിച്ച് പാലായിലെ യുവജനങ്ങൾ**

2026-28 പ്രവർത്തനവർഷ ഉദ്ഘാടനച്ചടങ്ങിന് ആരംഭമായി എസ്.എം.വൈ.എം പാലാ രൂപതയിലെ യുവജനങ്ങൾ ഒന്നുചേർന്ന് വി.കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. എസ്.എം.വൈ.എം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി മുഖ്യകാർമ്മികത്വം വഹിച്ചു എസ്.എം.വൈ.എം മുൻ ബ്രദർ റീജന്റ് ഫാ. സേവ്യർ മുക്കുടിക്കാട്ടിൽ വചനസന്ദേശം നൽകി.

**3. സേവനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും യാത്രയ്ക്ക് ദിശ തെളിക്കുന്ന കർമ്മരേഖ ദർശനം.**

വിശ്വാസത്തിന്റെ വെളിച്ചത്തിൽ, യുവതയുടെ ചുവടുകളെ നയിക്കാൻ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026-27 പ്രവർത്തനവർഷ കർമ്മരേഖ 'ദർശനം'' അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് പ്രകാശനം ചെയ്തു.

**4. വെബ്സൈറ്റ് പ്രകാശനം**

എസ്.എം.വൈ.എം പാലാ രൂപതയുടെ ഔദ്യോഗിക വെബ്സൈറ്റ് പാലാ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു.

പുതിയ കർമ്മവീഥിയിലേക്കു പ്രവേശിക്കുന്ന എസ്.എം.വൈ.എം പാലാ രൂപതയുടെ പ്രവർത്തനവർഷ ഉദ്ഘാടനച്ചടങ്ങിൽ അനുഗ്രഹ സാന്നിധ്യമായി എത്തിച്ചേർന്ന് ആശംസകൾ നേരുകയും പിന്തുണ അറിയിക്കുകയും ചെയ്ത കേരള ലാറ്റിൻ സഭാതല യുവജനപ്രസ്ഥാനത്തിന്റെ

അധ്യക്ഷൻ ശ്രീ പോൾ ജോസ് പടമാട്ടുമ്മലിന് പാലാ രൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയംഗമമായ നന്ദി.

**5. ഐക്യദാർഢ്യം പ്രഖ്യാപിച്ചു**

കുട്ടനാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കുക, നെൽകർഷകരെ സംരക്ഷിക്കുക, തൊഴിലില്ലായ്മ പരിഹരിക്കുക, ന്യൂനപക്ഷാവകാശങ്ങൾ ഉറപ്പുവരുത്തുക,എയ്ഡഡ് മേഖലയിലെ പ്രതിസന്ധി പരിഹരിക്കുക, ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടുക, ദളിത് ക്രൈസ്തവർക്കു നേരേയുള്ള അവഗണനകൾ അവസാനിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ഉയർത്തിപ്പിടിച്ച് യുവദീപ്തി - എസ്.എം.വൈ.എം ചങ്ങനാശ്ശേരി അതിരൂപത നടത്തിയ ഉപവാസധർണ്ണയ്ക്ക് എസ്.എം.വൈ.എം പാലാ രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**6. എക്സിക്യൂട്ടീവ് മീറ്റിങ്**

മാർച്ച് 7-ാം തീയതി ശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**7. അഭിനന്ദനങ്ങൾ**

അഖിലേന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ 239-ാമത്തെ റാങ്ക് കരസ്ഥമാക്കിയ SMYM പ്രവിത്താനം യൂണിറ്റ് അംഗമായ സ്മിത സാബു കദളിയിലിന് അഭിനന്ദനങ്ങൾ അറിയിച്ചു.

**8. വനിതാദിനാഘോഷം**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം വനിതാദിനാഘോഷം, WOW: Wonders Of Womanhood ന് പൂവരണി യൂണിറ്റ് ആതിഥേയത്വം വഹിച്ചു. പ്രശസ്ത സംരംഭകയും സോഷ്യൽ വർക്കറുമായ അഞ്ജന ഷാജി മുഖ്യാതിഥിയായിരുന്നു. പാലാ മുനിസിപ്പൽ ചെയർ പേഴ്സൺ മിസ്സ് ദിയ ബിനു പുളിക്കക്കണ്ടം ഉദ്ഘാടനം ചെയ്ത യോഗത്തിന് രൂപത വൈസ് പ്രസിഡന്റ് റെയ്ച്ചൽ മേരി ചാൾസ് അധ്യക്ഷത വഹിക്കുകയും, രൂപത ജനറൽ സെക്രട്ടറി സോന എ. മാത്യു സ്വാഗതം ആശംസിച്ചു സംസാരിക്കുകയും, രൂപത ആനിമേറ്റർ സിസ്റ്റർ നിർമ്മൽ തെരേസ് SMC ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു.

ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ് നാമോരോരുത്തരുടെയും ജീവിതമെങ്കിലും സാഹചര്യങ്ങളെ, കഠിനാധ്വാനവും നിശ്ചയദാർഢ്യവും കൊണ്ട് നമ്മുടെ വരുതിയിൽ വരുത്താം എന്ന് തന്റെ വാക്കുകളിലൂടെ അഞ്ജന ഷാജി പങ്കുവച്ചു. പൂവരണി സേക്രഡ് ഹാർട്ട് ചർച്ച് ഇടവക വികാരി ഫാ. ജോസഫ് മഠത്തിക്കുന്നേൽ, പാലാ രൂപത വൈസ് പ്രസി

ഡന്റ് എബിൻ തോമസ് എന്നിവർ യോഗത്തിന് ആശംസകൾ അറിയിച്ചു സംസാരിക്കുകയും പാലാ രൂപത മുൻകാല വനിതാഭാരവാഹികൾ, നില വിലെ ഫൊറോന വനിതാ ഭാരവാഹികൾ, തദ്ദേശീയ ഇലക്ഷനുകളിൽ വിജയിച്ച എസ്.എം.വൈ.എം വനിതാ പ്രവർത്തകർ എന്നിവരെ ആദ രിക്കുകയും ചെയ്തു.

രൂപത ജോയിന്റ് സെക്രട്ടറി റിയ സാബു യോഗത്തിന് നന്ദി അറി യിച്ചു. രൂപത പ്രസിഡന്റ് മിജോ ജോയ്, രൂപത സെക്രട്ടറി അഡോൺ ടോമി, ട്രഷറർ ജോസ് ചാൾസ്, സംസ്ഥാനഭാരവാഹികളായ സെഞ്ചു ജേക്കബ്, റോബിൻ ടി. ജോസ്, പൂവരണി യൂണിറ്റ് ഡയറക്ടർ ഫാ. ജോ സഫ് പുത്തൻപുരയ്ക്കൽ, പ്രസിഡൻറ് ജിത്തോമി, മറ്റ് യൂണിറ്റ്-ഫൊറോ ന-രൂപത ഭാരവാഹികൾ പ്രവർത്തകർ എന്നിവർ സന്നിഹിതരായിരുന്നു.

**9. ഹെയർ ഡൊണേഷൻ ക്യാമ്പ്**

എസ്.എം.വൈ.എം പാലാ രൂപതയുടെ വനിതാദിനാഘോഷ ത്തോടനുബന്ധിച്ച് പൂവരണി യൂണിറ്റിൽ വച്ച് ഹെയർ ഡോണേഷൻ ക്യാമ്പ് നടത്തപ്പെട്ടു. രൂപത ജോയിന്റ് ഡയറക്ടർ സി. നവീന CMC ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സർഗ്ഗക്ഷേത്ര ഭാരവാഹി ശ്രീമതി ദിയ ക്യാമ്പെയിൻ അഭിസംബോധന ചെയ്ത് സംസാരിക്കുകയും, എട്ടോളം കുട്ടികൾ മുടി ഡൊണേറ്റ് ചെയ്യുകയും ചെയ്തു.

**10. മാർ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നു**

വിശ്വാസത്തിലും വിനയത്തിലും ദൈവത്തിന്റെ ഇഷ്ടം ജീവിച്ച, നിശ്ശബ്ദതയിൽപോലും ദൈവഹിതം നിറവേറ്റിയ വിശുദ്ധ യൗസേപ്പിതാ വിന്റെ തിരുനാൾദിനത്തിൽ, പാലാ രൂപതയിലെ യൗസേപ്പുനാമധാരിക ളായ അഭിവന്ദ്യപിതാക്കന്മാരെയും വൈദികരെയും സന്ദർശിച്ച് യുവജ നപ്രസ്ഥാനത്തിന്റെ സ്നേഹവും പ്രാർത്ഥനയും നേർന്നു.

**11. മാർ റാഫേൽ തട്ടിൽ പിതാവിനെ സന്ദർശിച്ചു**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനെ പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് മിജോ ജോയി കുന്നതാനിയേൽ, ഓഫീസ് സെക്രട്ടറി ഡോൺ എന്നിവർ സന്ദർശിച്ചു.

**12. ആത്മ – രൂപത ഡയറക്ടേഴ്സ് & ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.**

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ നടത്ത പ്പെട്ട രൂപത ഡയറക്ടേഴ്സ് & ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിങ് ആത്മ 2026 ൽ

എസ്.എം.വൈ.എം പാലാ രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. നവീന CMC എന്നിവർ പങ്കെടുത്തു.

**13. അഭിവാദ്യങ്ങൾ**

സീറോ മലബാർ സഭയെ പ്രതിനിധീകരിക്കുന്ന കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട എസ്.എം.വൈ.എം പാലാ രൂപത ജോയിന്റ് ഡയറക്ടർ റവ. സിസ്റ്റർ നവീന സി.എം.സി–ക്ക് എസ്.എം.വൈ.എം. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ അഭിവാദ്യങ്ങൾ നേർന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ബ്ലൂമിങ് റോസസ് പോസ്റ്റർ പ്രകാശനം**

2026 ഏപ്രിൽ 26 മുതൽ 30 വരെ പാലാ ചാവറ പബ്ലിക് സ്കൂളിൽവച്ച് സ്കൂൾകുട്ടികൾക്കായി നടത്തപ്പെടുന്ന BLOOMING ROSES-'26 പോസ്റ്റർ പ്രകാശനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**കേരള ഇവാലുവേഷൻ മീറ്റിങ്**

കേരള ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സോണൽ കൗൺസിൽ അംഗങ്ങൾക്കും സെൻട്രൽ മിനിസ്ട്രി അംഗങ്ങൾക്കുമായി 2026 മാർച്ച് 13 മുതൽ 15 വരെ കോഴിക്കോട് ചെവരമ്പലം സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വച്ച് കേരള ഇവലുവേഷൻ മീറ്റിങ് നടത്തപ്പെട്ടു. ജീസസ് യൂത്ത് ഇന്റർനാഷണൽ കോർഡിനേറ്റർ ഡോ. മിഥുൻ പോൾ, ജീസസ് യൂത്ത് കേരള കോർഡിനേറ്റർ ഗോഡ്വിൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കാനും ഈ പ്രോഗ്രാം സഹായിച്ചു. പാലാ സോണിൽനിന്നും 5 കൗൺസിൽ അംഗങ്ങളും ആനിമേറ്റർ സി. മെൽവിനും പ്രോഗ്രാമിൽ പങ്കെടുത്തു.

**Grace പരീക്ഷ ഒരുക്കം**

ഫെബ്രുവരി 28-ാം തീയതി അരുവിത്തുറ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ക്ലാസും ആരാധനയും സെന്റ് ജോർജ് പാരിഷ് ഹാളിൽ വച്ചു നടത്തപ്പെട്ടു. അരുവിത്തുറ ഇടവകയിലെ 40 വിദ്യാർത്ഥികൾ പങ്കെടുത്തു.

**വുമൺസ് നെറ്റ്‌വർക്ക് ഗാതറിങ്**

ആഗോള വനിതാദിനത്തോടനുബന്ധിച്ച് കേരള ജീസസ് യൂത്ത് വുമൺസ് നെറ്റ്‌വർക്കിന്റെ നേതൃത്വത്തിൽ സെലിബ്രേറ്റിങ് വുമൺഹൂഡ് എന്ന പേരിൽ ജീസസ് യൂത്ത് വനിതകൾക്കായി ആലുവ നിവേദിതയിൽ വച്ച് ഒരു പ്രോഗ്രാം നടത്തപ്പെട്ടു. തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ തങ്ങളെത്തന്നെ സ്നേഹിക്കുവാനും ദൈവം തന്ന ഈ സ്ത്രീത്വത്തെ ആഘോഷിക്കുവാനും സഹായിക്കുന്ന വിധത്തിലുള്ള പ്രോഗ്രാമായിരുന്നു. പാലാ സോണിൽനിന്ന് എട്ടു പേർ പങ്കെടുത്തു.

**എമ്മാവൂസ് കോഴ്സ്**

ജീസസ് യൂത്ത് യാത്രയിൽ ഫോർമേഷൻ കോഴ്സുകൾ ഏറെ നിർണായകമാണ്. പാലാ സോണിന്റെ നേതൃത്വത്തിൽ മാർച്ച് 21-ാം തീയതി ചെത്തിമറ്റം ജ്യോതിർഭവൻ കൗൺസെലിംഗ് സെന്ററിൽ വച്ച് എമ്മാവൂസ് കോഴ്സിലെ 3 ഉം 4 ഉം സെഷനുകൾ സംഘടിപ്പിച്ചു. ഇരുപതോളം ജീസസ് യൂത്ത് അംഗങ്ങൾ ഇതിൽ സംബന്ധിച്ചു.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിനോട് ചേർന്നുള്ള സ്പിരിച്വാലിറ്റി സെന്ററിൽ വച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ' ACT SIXTEEN', ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

**മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണി മുതൽ 9:30 വരെ ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. അതോടൊപ്പം ഈ നോമ്പുകാലം എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം 5:30 ന് കുരിശിന്റെ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കു ശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ

നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

2026 മാർച്ച് 1, ഞായറാഴ്ച അരുവിത്തുറ, പാലാ, കുറവിലങ്ങാട്, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിൽ വച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

**1)** 01/3/2026: വെള്ളികുളം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം പ്രസിഡൻറ് ജോസഫ് കടപ്ലാക്കലിന്റെ അധ്യക്ഷതയിൽ ചേർന്നു. ജോമോൻ കടപ്ലാക്കൽ ആമുഖപ്രസംഗം നടത്തി. വികാരി റവ.ഫാ. സ്കറിയ വേകത്താനം സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത റിസോഴ്സ് ടീമംഗം ജോയി തെക്കുംചേരിക്കുന്നേൽ ക്ലാസ് നയിച്ചു. ചർച്ചകൾക്ക് ജിജി വളയത്തിൽ നേതൃത്വം നൽകി.

**2)** പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ ഫൊറോനാകൗൺസിൽ മീറ്റിങ്ങുകൾ 20 ഫൊറോനാകേന്ദ്രങ്ങളിൽ നടന്നു. കുടുംബക്കൂട്ടായ്മയെയും സമുദായശക്തീകരണത്തെയുംകുറിച്ചു ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, അസി. ഡയറക്ടർ ഫാ.പോൾ കുന്നുംപുറത്ത്, പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ്, സെക്രട്ടറി ബാബുപോൾ തുടങ്ങിയവർ സംസാരിച്ചു. എല്ലാ ഫൊറോനായിലും പത്തംഗ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു രൂപം നൽകി.

**3)** 4/3/2026 10 am ന് മൂലമറ്റം ഫൊറോന കൗൺസിൽ യോഗംചേർന്നു. അസി.വികാരി ഫാ. സഖറിയാസ് വാഴേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. പ്രസിഡന്റ്: മാണി ജോസഫ് മുണ്ടത്താനത്ത്, സെക്രട്ടറി സിനി സോളമൻ പാറയ്ക്കൽ.

**4)** 11.30 am ന് തുടങ്ങനാട് ഫൊറോനാ കൗൺസിൽ സമ്മേളനം ആരംഭിച്ചു. വികാരി വെരി.റവ.ഫാ ഫാ.ജോൺസൺ പുള്ളീറ്റ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അസി.വികാരി ജെയിംസ് ആണ്ടശ്ശേരി ആശംസ നേർന്ന് സംസാരിച്ചു. ഭാരവാഹികളായി പ്രസിഡന്റ് ജിമ്മി മ്ളാക്കുഴി, സെക്രട്ടറി ബിന്ദു ബേബി പുതിയേടത്ത് എന്നിവരെ തിരഞ്ഞെടുത്തു.

**5)** 2.30 pm ന് കടനാട് ഫൊറോന കൗൺസിൽയോഗം ചേർന്നു. വികാരി വെരി റവ. ജോസഫ് പാനാമ്പുഴ അധ്യക്ഷത വഹിച്ചു. അസി.വികാരി ജോസഫ് അട്ടാങ്ങാട്ടിൽ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാ

ഹികൾ : പ്രസിഡന്റ് ജോഷി സിറിയക് കൊച്ചുപുരയ്ക്കൽ, സെക്രട്ടറി ജേക്കബ് പുത്തൻപുരയ്ക്കൽ

**6)** 05/3/2026 9.30 am ന് കൂട്ടിക്കൽ ഫൊറോന കൗൺസിൽ യോഗം ചേർന്നു. അസി. വികാരി ഫാ. അഗസ്റ്റിൻ മേച്ചേരിൽ അധ്യക്ഷത വഹിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് – ജോസഫ് തോമസ് ചെറുകര, സെക്രട്ടറി – ഷാന്റി അനൂപ് തേനംമാക്കൽ.

**7)** 11.30 am ന് പൂഞ്ഞാർ ഫൊറോന കൗൺസിൽ യോഗം ചേർന്നു. സമ്മേളനത്തിൽ വികാരി വെരി റവ. ഫാ. തോമസ് പനയ്ക്കക്കുഴി അധ്യക്ഷതവഹിച്ചു. അസി.വികാരി ഫാ. ജോസഫ് കന്നുതൊട്ടികല്ലുവേലിൽ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് – ജോസഫ് വി.സി., സെക്രട്ടറി – റോഷി ജോസ്.

**8)** 2.30 pm ന് തീക്കോയി ഫൊറോന കൗൺസിൽ സമ്മേളനം പാരിഷ് ഹാളിൽ ചേർന്നു. വികാരി വെരി. റവ.ഫാ.ജോർജ് വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. ജേക്കബ് കരിനാട്ട് ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ: പ്രസിഡന്റ് – ജിജി വളയത്തിൽ, സെക്രട്ടറി – ജെസി മാത്യു.

**9)** 7/3/2026 9.30 am ന് കോതനല്ലൂർ ഫൊറോന കൗൺസിൽ സമ്മേളനം ചേർന്നു. വികാരി വെരി റവ.ഫാ. കുര്യൻ കാലായിൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ.മൈക്കിൾ നടുവിലേക്കുറ്റ് സമ്മേളനത്തിൽ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് റ്റോമി മുതിരക്കാലായിൽ, സെക്രട്ടറി, ഷീന സാബു.

**10)** 12 pm ന് മുട്ടുചിറ ഫൊറോനാ കൗൺസിൽ യോഗംചേർന്നു. സമ്മേളനത്തിൽ വികാരി വെരി.റവ.ഫാ.എബ്രാഹം കൊല്ലിത്താനത്തുമലയിൽ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ, ആന്റണി ഞരളക്കാട്ട് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ഭാരവാഹികൾ : പ്രസിഡന്റ് – മാത്യു ജോർജ് പാലിയിൽ, സെക്രട്ടറി – മിനി സെബാസ്റ്റ്യൻ.

**11)** 4:30 pm ന് കുറവിലങ്ങാട് ഫെറോനാ കൗൺസിൽ ചേർന്നു.സമ്മേളനത്തിൽ ആർച്ചുപ്രീസ്റ്റ് റവ.ഡോ.തോമസ് മേനാച്ചേരി അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. തോമസ് താന്നിമലയിൽ, ഫാ. ജോർജ് ചാത്തൻകുന്നേൽ, ഫാ. ജോസഫ് ചൂരയ്ക്കൽ, ഫാ. ജോവാനി കുറുവാച്ചിറ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് – ബിജു കുര്യൻ താന്നിക്കത്തറപ്പേൽ, സെക്രട്ടറി – മാത്തുക്കുട്ടി ജോസഫ്.

**12)** 9/3/2026: ഇലഞ്ഞി ഫൊറോനാ കൗൺസിൽ യോഗം ചേർന്നു. സമ്മേളനത്തിൽ വികാരി വെരി.റവ.ഫാ.ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. ജോസഫ് ചിനോത്തുപറമ്പിൽ, ഫാ. ജോസഫ് തയ്യിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ: പ്രസിഡന്റ് – ഷിജു അഗസ്റ്റിൻ വെള്ളപ്ലാക്കൽ, സെക്രട്ടറി – ഡാർലി തോമസ്

**13)** 11 am ന് കൂത്താട്ടുകുളം ഫൊറോന കൗൺസിൽ യോഗം ചേർന്നു. സമ്മേളനത്തിൽ വികാരി വെരി റവ.ഫാ ജെയിംസ് കുടിലിൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ.ജോസഫ് മരോട്ടിക്കൽ ആശംസകൾ നേർന്നു. ഭാരവാഹികൾ: പ്രസിഡന്റ് – ജോസഫ് ജെയിംസ് കൈതക്കുളത്ത് പുത്തൻപുര, സെക്രട്ടറി – ജെൻസി ജോസ്.

**14)** 2.30pm ന് രാമപുരം ഫൊറോന കൗൺസിൽ യോഗം ചേർന്നു. വികാരി വെരി റവ.ഫാ. ബെർക്കുമാൻസ് കുന്നംപുറം അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. എബ്രഹാം കുഴിമുള്ളിൽ, ഫാ. മാത്യു പനങ്ങാട്ട് എന്നിവർ ആശംസകൾ നേർന്നു. ഭാരവാഹികൾ : പ്രസിഡന്റ് – സക്കറിയാസ് തോമസ് സെക്രട്ടറി – മാത്തുക്കുട്ടി അഗസ്റ്റിൻ.

**15)** 9.30 am ന് അരുവിത്തറ ഫൊറോനാ കൗൺസിൽ യോഗം ചേർന്നു. വികാരി വെരി റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ അധ്യക്ഷത വഹിച്ചു. ഫാ. സിറിൽ തയ്യിൽ, ഫാ. ഗോഡ്സൺ ചെങ്ങഴശ്ശേരിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് – മാത്യു കൊല്ലംപറമ്പിൽ, സെക്രട്ടറി – ജിമ്മി കൊച്ചെട്ടൊന്നിൽ.

**16)** 11.30 am ന് ഭരണങ്ങാനം ഫൊറോന കൗൺസിൽ ചേർന്നു. വികാരി വെരി റവ.ഫാ. സക്കറിയാസ് ആട്ടപ്പാട്ട് അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. മാത്യു തയ്യിൽ ആശംസകൾ നേർന്നു. ഭാരവാഹികൾ: പ്രസിഡന്റ് – ബാബു പോൾ പെരിയപ്പുറം, സെക്രട്ടറി – മോളി ജോൺ.

**17)** 2 pm ന് പ്രവിത്താനം ഫൊറോന കൗൺസിൽ ചേർന്നു.വികാരി വെരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. ആന്റണി കൊല്ലിയിൽ, ഫാ. ഡാൻ കടുപ്പിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ഭാരവാഹികൾ: പ്രസിഡന്റ് – ദേവസ്യാച്ചൻ തെക്കേക്കരോട്ട്, സെക്രട്ടറി – ലിൻസി തോംസൺ കിഴക്കേക്കര.

**18)** 12/3/2026 9.30 am ന് ചേർപ്പുങ്കൽ ഫൊറോന കൗൺസിൽ യോഗം ചേർന്നു. വികാരി വെരി.റവ.ഫാ.ജോസ് വള്ളോംപുരയിടത്തിൽ അധ്യക്ഷത വഹിച്ചു. അസി വികാരി ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ ആശംസ നേർന്നു. ഭാരവാഹികൾ: പ്രസിഡന്റ് – സണ്ണി ജോസഫ് പൂത്തോട്ടാൽ, സെക്രട്ടറി – സിബി കുര്യാക്കോസ് പൂവത്തിനാൽ.

**19)** 11.30 pm ന് കടപ്ലാമറ്റം ഫൊറോന കൗൺസിൽ യോഗം ചേർന്നു. വികാരി വെരി. റവ.ഫാ. ജോസഫ് മുളഞ്ഞനാൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ.ജോസഫ് തേവർപറമ്പിൽ ആശംസകൾ നേർന്നു. ഭാരവാഹികൾ : പ്രസിഡൻറ് – ജോസഫ് ലൂക്കാ മരുതൂക്കുന്നേൽ, സെക്രട്ടറി – ജോണി കുര്യാക്കോസ് ചെറുകര.

**20)** 2 pm ന് കൊഴുവനാൽ ഫൊറോന കൗൺസിൽ യോഗം ചേർന്നു. വികാരി വെരി. റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ.ജോൺ വയലിൽ ആശംസകൾ നേർന്നു. ഭാരവാഹികൾ : പ്രസിഡന്റ് മാത്യു കെ.എം. കളത്തൂർ, സെക്രട്ടറി സജിമോൻ ജോസഫ് നാഗമറ്റത്തിൽ.

**21)** 4 pm ന് പാലാ ഫൊറോന കൗൺസിൽ യോഗം ചേർന്നു. വികാരി വെരി. റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. അസി. വികാരിമാരായ ഫാ. ജോസഫ് പെരിങ്ങാമലയിൽ, ഫാ. ജോർജ് തറപ്പേൽ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് – ബേബി വർഗീസ് ആലപുരയ്ക്കൽ, സെക്രട്ടറി – സൗമ്യ ജയിംസ് പാവന.

**22)** 19/3/2026: രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, അസി.ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് എന്നിവരോടൊപ്പം കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് അംഗങ്ങൾ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടുപിതാവിനും അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും നാമഹേതുകത്തിരുനാൾ ആശംസകൾ നേർന്നു. അതോടൊപ്പം മുഖ്യവികാരി ജനറലിനും മറ്റു ജോസഫ്നാമധാരികളായ വൈദികർക്കും ആശംസകൾ നേർന്നു.

**23)** 2 pm ന് രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. ജീവമന്ന ബൈബിൾ പഠനപരമ്പരയുടെ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിന് അംഗങ്ങൾ എല്ലാവരും നാമഹേതുകത്തിരുനാൾ ആശംസകൾ നേർന്നു സംസാരിച്ചു.

**24)** 20/3/2026: കളത്തൂർ ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി റവ.ഡോ. സൈറസ് വേലംപറമ്പിലിന്റെ അധ്യക്ഷതയിൽ നടന്നു. രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടുംബക്കൂട്ടായ്മയെക്കുറിച്ച് രൂപത റിസോഴ്സ് ടീം അംഗങ്ങളായ സെബാസ്റ്റ്യൻ ജോസഫ്, സണ്ണി വടക്കേടത്ത് എന്നിവർ ക്ലാസ്സ് നയിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

മാർച്ച് 20-22, 30-ഏപ്രിൽ 1 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 184 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ഏപ്രിൽ 10-12, 24-26, മേയ് 8-10, 22-24 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മാർച്ചു മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. അലക്സ് കാവുകാട്ട് ക്ലാസ്സെടുത്തു. 305 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങൾ**

മാർച്ച് 19-ാം തീയതി രാവിലെ 9 മണിക്ക് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ, സ്റ്റാഫ് അംഗങ്ങൾ, മാതൃവേദി രൂപത ഭാരവാഹികൾ എന്നിവർ ബിഷപ്സ് ഹൗസിൽ പോയി സന്ദർശിച്ച ആശംസകൾ അർപ്പിച്ചു സമ്മാനം നൽകി. തുടർന്ന് വലിയപിതാവിനെയും ജോസഫ്നാമധാരികളായ മറ്റു വൈദികരെയും ആശംസകൾ അർപ്പിച്ചു.

**5. ആഘോഷം**

ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലച്ചന് നാമഹേതുകത്തിരുനാളിൽ ആശംസകൾ നേർന്ന് കേക്കുമുറിച്ചു. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിൽ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ ആഘോഷങ്ങൾക്കു നേതൃത്വം നൽകി., മാതൃവേദി രൂപത ഭാരവാഹികൾ, ഷലോം സെന്ററിലെ അച്ചൻമാർ, സിസ്റ്റേഴ്സ്, സ്റ്റാഫ് എല്ലാവരും ആഘോഷത്തിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. പ്രവർത്തനവർഷോദ്ഘാടനം**

മാർച്ച് 1-ാം തീയതി രാവിലെ മാവടി പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിച്ച് പിതൃവേദി യൂണിറ്റിന്റെ പ്രവർത്തനവർഷോദ്ഘാടനം ഫാമിലി

അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ നടത്തി. തീക്കോയി മേഖല പ്രസിഡന്റ് ജോസിബിൻ കടപ്ലാക്കൽ പരി പാടിയിൽ സന്നിഹിതനായിരുന്നു. മാർച്ച് 8-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് തിടനാട് പള്ളിയിലും യൂണിറ്റുതല ഉദ്ഘാടനം ഫാമിലി അപ്പോസ്ത ലേറ്റ് അസി.ഡയറക്ടർ റവ. ഫാ. മാത്യു കാടൻകാവിനാൽ നടത്തപ്പെട്ടു. യോഗത്തിൽ രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട് പങ്കെടുത്തു. മാർച്ച് 22-ാം തീയതി വെള്ളികുളം ഇടവകയിൽ പിതൃവേദി പ്രവർത്തന വർഷോദ്ഘാടനം നടത്തപ്പെട്ടു. വൈകുന്നേരം 5 മണിക്ക് പൂഞ്ഞാർ മേഖല പ്രവർത്തനവർഷോദ്ഘാടനം നടന്നു. രണ്ടു പരിപാടിയിലും രൂപത പ്രസിഡന്റ് ജോസ് മുത്തനാട്ട് പങ്കെടുത്തു.

**2. പുതിയ യൂണിറ്റ്**

മാർച്ച് 1-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഉദയഗിരി ഇടവകയിൽ പിതൃവേദി പുതിയ യൂണിറ്റ് ഉദ്ഘാടനം ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിലിന്റെയും മാർച്ച് 21 ന് കളത്തൂർ ഇടവക പിതൃവേദി യൂണിറ്റ് ഉദ്ഘാടനം ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെയും അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

**3. കുരിശുമലകയറ്റം**

മാർച്ച് 6-ാം തീയതി പിതൃവേദി രൂപതാസമിതിയുടെ നേതൃത്വ ത്തിൽ തിടനാട് പള്ളിയുടെ കീഴിലുള്ള ഊട്ടുപാറയിൽ കുരിശുമലകയറ്റം നടത്തപ്പെട്ടു. തദവസരത്തിൽ രൂപതാഭാരവാഹികളും മേഖല, യൂണിറ്റ് പ്രതിനിധികളും പങ്കെടുത്തു. അന്നേദിവസം കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി വിശുദ്ധ കുർബാനയർപ്പിച്ചത് ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ ആയിരുന്നു. മാർച്ച് 27-ാം തീയതി വെള്ളിയാഴ്ച നാല്പതാംദിനവെള്ളിയാഴ്ചയുടെ ഭാഗമായി മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ അരുവിത്തുറ വല്യച്ചൻമല കുരിശുമലകയറ്റം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് ന രിതൂക്കിൽ മലകയറ്റത്തിനു നേതൃത്വം നൽകി. അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ സന്ദേശം നൽകി. മാതൃ-പിതൃ രൂപതാഭാരവാഹി കളും വിവിധ ഇടവകകളിൽനിന്നായി എത്തിച്ചേർന്ന മാതൃ-പിതൃവേദി അംഗങ്ങളും മലകയറ്റത്തിന് ആത്മീയ ഉണർവ് നൽകി.

**4. രൂപത സമിതി**

മാർച്ച് 9-ാം തീയതി ഉച്ചകഴിഞ്ഞ് പിതൃവേദി പ്രസിഡന്റ് ജോസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ രൂപതസമിതി കൂടുകയും ഓരോ മേഖലയി ലെയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**5. എക്സിക്യൂട്ടീവ് മീറ്റിങ്**

മാർച്ച് 18-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു. അരുവിത്തുറ വല്യച്ചൻമല കുരിശുമലകയറ്റത്തിന്റെ ചർച്ചയും ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലച്ചന്റെ നാമഹേതുകത്തിരുനാൾ ആഘോഷവും തദവസരത്തിൽ നടത്തി.

**6. തിരുനാൾ ആഘോഷം**

മാർച്ച് 19-ാം തീയതി തീക്കോയി ഫൊറോനപ്പള്ളിയിൽ നടത്തപ്പെട്ട യൗസേപ്പിതാവിന്റെ തിരുനാളിനും ജോസഫ് നാമധാരികളുടെ സംഗമത്തിനും തുടർന്നുള്ള നേർച്ചവിതരണത്തിനും പിതൃവേദി നേതൃത്വം നൽകി. മാർച്ച് 22-ാം തീയതി ഞായറാഴ്ച രാമപുരം പള്ളിയിൽ ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നല്കി. പിതൃവേദി അംഗങ്ങൾ കുർബാനയിൽ സന്നിഹിതരായിരുന്നു. വയല ഇടവകയിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ജോസഫ് നാമധാരികളുടെ സംഗമത്തിൽ രൂപത സെക്രട്ടറി ബിൻസ് തൊടുകയിൽ പങ്കെടുത്തു.

**C. മാതൃവേദി**

**1. രൂപതസമിതി**

മാർച്ച് 2-ാം തീയതി രാവിലെ 10 മണിക്ക് മാതൃവേദി രൂപത സമിതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അതോടൊപ്പം മാതൃവേദി ജോയിന്റ് ഡയറക്ടർ റവ.സി. കുസുമം എസ്.എച്ചിന്റെ സന്യാസജീവിതത്തിന്റെ 50-ാം ജൂബിലിവർഷത്തിന്റെ ആശംസയോഗവും നടത്തപ്പെട്ടു. രൂപതാസമിതി അംഗങ്ങളെല്ലാവരും പരിപാടിയിൽ പങ്കെടുത്തു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

മാർച്ച് 2-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർദേശങ്ങൾ നൽകി.

**3. രൂപതാതല വനിതാദിനാഘോഷം**

മാർച്ച് 7-ാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ്ഹാളിൽ വച്ച് പാലാ രൂപത മാതൃവേദി വനിതാദിനാഘോഷം നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനം പാലാ മുനിസിപ്പൽ ചെയർപേഴ്സൺ കുമാരി

ദിയ ബിനു പുളിക്കക്കണ്ടം ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി വെരി. റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ച ആഘോഷത്തിൽ മാതൃവേദി രൂപത പ്രസിഡന്റ് ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ ഏവരെയും സ്വാഗതം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് അസി.ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ, കത്തീഡ്രൽ മാതൃവേദി ഡയറക്ടർ റവ.ഫാ. ജോർജ് തറപ്പേൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിവിധ മേഖല കളുടെ നേതൃത്വത്തിൽ യൂണിറ്റുകളെ ബന്ധിപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച പഴമയെ ഓർമ്മപ്പെടുത്തുന്ന വേഷവിധാനങ്ങളും കലാരൂപങ്ങളും ഭക്ഷണപദാർത്ഥങ്ങളും വനിതാദിനാഘോഷത്തിന് മാറ്റുകൂട്ടി. വിവിധ ഇടവകകളിൽനിന്നുമായി 500 ഓളം മാതൃവേദി അമ്മമാർ പരിപാടിയിൽ പങ്കെടുത്തു. മാതൃവേദി ജോ.ഡയറക്ടർ റവ.സി. കുസുമം ജോസ് എസ്. എച്ച് കൃതജ്ഞത അർപ്പിച്ചു. സമ്മേളനത്തിനുശേഷം വിവിധ കലാപരി പാടികൾ സ്റ്റേജിൽ അരങ്ങേറി. മാതൃവേദി രൂപതാഭാരവാഹികളും മേഖലാ പ്രതിനിധികളും പരിപാടികൾക്കു നേതൃത്വം നൽകി

**4. വനിതാദിനം**

മാർച്ച് 8-ാം തീയതി വനിതാദിനത്തോടനുബന്ധിച്ച് തോടനാൽ പള്ളിയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് വനിതാദിനസമ്മേളനവും സെമിനാറും നടത്തപ്പെട്ടു. തദവസ രത്തിൽ ഫാമിലി അപ്പോസ്തലേറ്റ് അസി.ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മാർച്ച് 19 ന് വാരിയാനിക്കാട് ഇടവകയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട തിരുനാൾ കുർബാനയിൽ ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

**5. പാനവായനമത്സരം**

മാർച്ച് 12-ാം തീയതി രാവിലെ 10 മണിക്ക് പാലാ സെന്റ്മേരീസ് പള്ളി പാരീഷ്ഹാളിൽ വച്ച് രൂപതാതല പാനവായനമത്സരം നടത്തപ്പെട്ടു. മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ച 20 ഫൊറോനപ്പള്ളിയിലെയും 20 ടീമു കൾ മത്സരത്തിൽ പങ്കെടുത്തു. 3 വിധികർത്താക്കളുടെ സാന്നിധ്യത്തിൽ മത്സരങ്ങൾ നടത്തപ്പെട്ടു. യഥാക്രമം കീഴൂർ (കടുത്തുരുത്തി), ഏന്തയാർ (കൂട്ടിക്കൽ), കൂടല്ലൂർ (കടപ്ലാമറ്റം) എന്നീ യൂണിറ്റുകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോ സഫ് നരിതൂക്കിൽ, അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ, മാതൃവേദി രൂപതാസമിതി അംഗങ്ങൾ എന്നിവർ മത്സരത്തിനു നേതൃത്വം നൽകി.

**5. സെമിനാർ**

മാർച്ചുമാസത്തിൽ കാഞ്ഞിരമറ്റം, ചേർപ്പുങ്കൽ, തീക്കോയി, കിഴപറയാർ എന്നീ ഇടവകകളിലെ അമ്മമാർക്ക് സമുദായശക്തീകരണത്തെക്കുറിച്ച് മാതൃവേദി രൂപത പ്രസിഡന്റ് ഷേർളി ചെറിയാൻ സെമിനാർ നടത്തി. മാർച്ച് 20-ാം തീയതി രാമപുരത്തുനടന്ന സമുദായശക്തീകരണസമ്മേളനത്തിൽ കുടുംബത്തെക്കുറിച്ച് രൂപതപ്രസിഡന്റ് ഷേർളി ചെറിയാൻ സംസാരിച്ചു

**D. പ്രോലൈഫ്**

**1. മീറ്റിങ്**

മാർച്ച് 25 ബുധനാഴ്ച രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ തലശ്ശേരി രൂപത പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ പ്രോലൈഫ് ദിനാഘോഷം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ അസി. ഡയറക്ടർ റവ.ഫാ. മാത്യു കാടൻകാവിൽ, രൂപത ആനിമേറ്റർ റവ.സി. മേരി ജോസ്, പ്രസിഡന്റ് മാത്യു എം കുര്യാക്കോസ്, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**E.സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഓൺലൈൻ മീറ്റിങ്**

മാർച്ച് 19-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായിയുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട്

പെയിന്റിങ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - 7306293048

**G. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി ളാലം പുത്തൻപള്ളി ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**പാറേമ്മാക്കൽ അനുസ്മരണം**

പാറേമ്മാക്കൽ തോമാക്കത്തനാരുടെ 277-ാം ചരമദിനാചരണം മാർച്ച് 20 ന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ മാർ അപ്രേം സെമിനാരി ഹാളിൽ അനുസ്മരണവും സിംപോസിയവുമായി നടത്തി. പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. സെമിനാരി റെക്ടർ ഫാ. തോമസ് മണ്ണൂർ സിംപോസിയം ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മോഡറേറ്ററായിരുന്നു. ബ്രദർമാരായ മാർട്ടിൻ മേച്ചേരിക്കുന്നേൽ, കുര്യൻ ചേരിപ്പുറത്ത്, ചെറിയാൻ കോയിപ്രയിൽ, മാത്യു കുന്നത്തുമാക്കൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ജോസ് വട്ടുകുളം, ഫാ. ആന്റണി നങ്ങാപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**വനിതാദിനാചരണം**

ലോകവനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 7 ന് വനിതാ കൗൺസിലിന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് വനിതാദിനാചരണം നടത്തി.

സമുദായശക്തീകരണത്തിൽ വനിതകളുടെ പങ്ക് എന്ന വിഷയത്തെ അധികരിച്ച് ശ്രീമതി ആശ മരിയ പോൾ സെമിനാർ നയിച്ചു. ഗ്ലോബൽ സെക്രട്ടറി ആൻസൻ സാബു അധ്യക്ഷത വഹിച്ചു. എഫ്.സി.സി. ഭരണങ്ങാനം പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ജെസി മരിയ ഓലിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണവും വൈസ് പ്രസിഡന്റ് സിന്ധു ജയ്സ്, സെക്രട്ടറി ലിബി മണിമല, എമ്മാനുവൽ നിധീരി, ഗ്ലോബൽ പ്രസിഡന്റ് രാജീവ്

കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**പതാകദിനം ആചരിച്ചു**

108-ാം ജന്മദിനവാർഷികസമ്മേളനത്തോടനുബന്ധിച്ച് മാർച്ച് 8 പതാകദിനമായി ആചരിച്ചു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തി സമ്മേളനങ്ങൾ നടത്തി. മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

**108-ാം ജന്മദിനസമ്മേളനം**

കത്തോലിക്കാ കോൺഗ്രസിന്റെ 108-ാം ജന്മദിനസമ്മേളനം തലശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പതാകപ്രയാണം, പതാക ഉയർത്തൽ, കേന്ദ്ര വർക്കിങ് കമ്മിറ്റി, പ്രതിനിധിസമ്മേളനം, മഹാറാലി, പൊതുസമ്മേളനം എന്നിങ്ങനെ വിവിധ പരിപാടികളോടെ നടത്തി. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പിതാക്കന്മാരും അല്മായനേതാക്കളും സംസാരിച്ചു. പാലാ രൂപതയിൽ നിന്ന് 60-ൽ പരം പ്രതിനിധികൾ പങ്കെടുത്തു.

## ഫൊറോന വാർത്തകൾ

**കൊഴുവനാൽ**

പുതുതായി രൂപീകൃതമായ കൊഴുവനാൽ ഫൊറോന കമ്മിറ്റിയുടെ തിരഞ്ഞെടുപ്പുസമ്മേളനം എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഫൊറോന വികാരി വെരി റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ഉദ്ഘാടനം ചെയ്തു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വരണാധികാരിയായിരുന്നു. ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു.

**ഭാരവാഹികൾ**

പ്രസിഡന്റ് - ശ്രീ. എം.എ. ജോർജ് മണിയങ്ങാട്ട്

സെക്രട്ടറി - ശ്രീ. ജോസഫ് പോൾ പാറേക്കാട്ട്

ട്രഷറർ - ശ്രീ. അനിൽ സെബാസ്റ്റ്യൻ

**പ്രവിത്താനം**

പ്രവിത്താനം ഫൊറോന കമ്മിറ്റി പ്രസിഡന്റ് ജോയി ചന്ദ്രൻകുന്നേലിന്റെ അധ്യക്ഷതയിൽ നടത്തി. ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. എ.റ്റി. ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

### യൂണിറ്റ് വാർത്തകൾ

**തുരുത്തിപ്പള്ളി**

യൂണിറ്റ് സന്ദർശനം നടത്തി. യൂണിറ്റ് പ്രസിഡന്റ് രാജേഷ് കോട്ടായിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ ഫാ. തോമസ് ബ്രാഹ്മണവേലിൽ ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി.

**കോട്ടൂർ**

കോട്ടൂരിൽ നിർമ്മിക്കുന്ന പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരക കത്തോലിക്ക കോൺഗ്രസ് ഭവനത്തിന്റെ കട്ടിളവയ്പ്പ് കർമ്മം വികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടിക്കലിന്റെ സാന്നിധ്യത്തിൽ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. ജോയി കണിപറമ്പിൽ, ജോർജ് മണിയങ്ങാട്ട്, ജോസഫ് പോൾ, ബേബിച്ചൻ അഴിയാത്ത്, ജോയി മൂങ്ങാമാക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**കാഞ്ഞിരത്താനം**

പുതുതായി ചാർജെടുത്ത അസി. വികാരി ഫാ. അലക്സ് കാഞ്ഞിരത്തിങ്കലിന് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നല്കി. യൂണിറ്റ് പ്രസിഡന്റ് ജോസ് നടുവിലേക്കുറ്റ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജയിംസ് വയലിൽ ഉദ്ഘാടനം ചെയ്തു. ഫാ. അലക്സ് കാഞ്ഞിരത്തിങ്കൽ മറുപടിപ്രസംഗം നടത്തി. സിബി പാറത്തൊട്ടി ആശംസകൾ നേർന്നു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**രാമപുരം ഫെസ്റ്റ് സംഘടിപ്പിച്ചു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രാമപുരം സോണിന്റെയും ഇൻഫാം പാലാ രൂപതയുടെയും നേതൃത്വത്തിൽ സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളി മൈതാനിയിൽ കാർഷികമേള നടന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. യോഗത്തിൽ കർഷകകിരീടം സമർപ്പണവും നടന്നു. സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളി വികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.എം.തോമസ് കോയിപ്പിള്ളിൽ, ജോൺ കച്ചിറമറ്റം, തോമസ് മാടപ്പാട്ട്, സോണി ഏറത്ത് എന്നിവരെ ആദരിച്ചു. മാണി സി. കാപ്പൻ എം.എൽ.എ, ബിനു മാണിമംഗലം, ഡോ. കെ.കെ.ജോസ്

കരിപ്പാക്കുടിയിൽ, ഫാ.ജോസ് തറപ്പേൽ, ഫാ.മാത്യു പുളിക്കപ്പറമ്പിൽ, സജിമോൻ മിറ്റത്താനി, സിബി മുണ്ടപ്ലാക്കൽ, സ്വപ്ന റോസ് മാത്യു കുര്യാലപ്പുഴ, സിബി തോമസ് കോയിപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു.

ഫെസ്റ്റിന്റെ രണ്ടാം ദിവസം PSWS അസി. ഡയറക്ടർ. ഫാ. ജോസഫ് താഴത്തുവരിക്കയിലിന്റെ അധ്യക്ഷതയിൽ രാമപുരം ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ശ്രീ കെ.കെ. ശാന്താറാം ഉദ്ഘാടനം ചെയ്തു. ഫെസ്റ്റിന്റെ മൂന്നാം ദിവസം നടത്തിയ സമാപനസമ്മേളത്തിന്റെ ഉദ്ഘാടനം സോണൽ രക്ഷാധികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുപുറത്തിന്റെ അദ്ധ്യക്ഷതയിൽ ബഹു. ശ്രീ ജോസ് കെ മാണി MP ഉദ്ഘാടനം ചെയ്തു. 3 ദിവസങ്ങളിലായി കാർഷികപ്രദർശനം, കാർഷികസെമിനാറുകൾ, ഫ്ളവർ ഷോ, ഭക്ഷ്യമേള, വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്റ്റാളുകൾ, പുരാവസ്തു നാണയപ്രദർശനം, കുതിരസവാരി, ഒട്ടകസവാരി, 2000 കിലോ തൂക്കം വരുന്ന കമാൻഡോ എന്ന പോത്തിന്റെ പ്രദർശനം, റോബട്ടിക്സ് പ്രദർശനം എന്നിവ നടന്നു. കുട്ടികൾക്കായി വിവിധ വിനോദ വിജ്ഞാനപരിപാടികളും ഒരുക്കി. സോണൽ കോ-ഓർഡിനേറ്റർ ആലിസ് ജോർജ്, ജോയിന്റ് കൺവീനർ പി.ജെ. തോമസ് പുനർത്തംകുന്നേൽ, SS സെക്രട്ടറി റോസമ്മ അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSBCDC) ന്റെ BEDMA ലോൺ വിതരണം ചെയ്തു**

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ (KSBCDC) സഹായത്തോടെ 20 SHG ഗ്രൂപ്പുകളിലെ 82 വ്യക്തികൾക്ക് വളരെ കുറഞ്ഞ നിരക്കിൽ വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി 40 ലക്ഷം രൂപാ വിതരണം ചെയ്തു.

**സ്വാശ്രയ സംഘം/കർഷകദള ഫെഡറേഷൻ രൂപീകരണം**

കിഴപറയാർ പള്ളിയുടെ കീഴിൽ പുതിയ കർഷകദളങ്ങൾ രൂപീകരിച്ചു. ഇതൾ എന്ന പേരിൽ വനിതാഗ്രൂപ്പും ഗ്രീൻ എന്ന പേരിൽ പുരുഷഗ്രൂപ്പും രൂപീകരിച്ചു.

**മോണിറ്ററിങ് വിസിറ്റ് നടത്തി**

ഇക്വിറ്റി ഗ്രാന്റ് അനുവദിക്കുന്നതിനുമുമ്പായി NCDC സീനിയർ അസി. A ശക്തിധരൻ മോണിറ്ററിങ് വിസിറ്റ് നടത്തി. പാലാ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ടു ചെയ്യുന്ന കർഷക ഉത്പാദകസംഘങ്ങൾ ഇക്വിറ്റി ഗ്രാൻറിന് അർഹരായി. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഈരാറ്റുപേട്ട ബ്ലോക്കിലെ വെള്ളികുളം, പള്ളം ബ്ലോക്കിലെ അയർക്കുന്നം, വൈക്കം ബ്ലോക്കിലെ തലയാഴം എന്നിവ

കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച കർഷക ഉത്പാദകസംഘങ്ങൾക്ക് 300 ഓഹരിയുടമകൾ തികഞ്ഞ സാഹചര്യത്തിൽ കേന്ദ്ര. ഗവ. നൽകുന്ന ഇക്വിറ്റി ഗ്രാൻറിന് അർഹത ലഭിച്ചു. രണ്ടായിരം രൂപയുടെ ഒരു ഓഹരിക്ക് തുല്യ തുക ഗവണ്മെന്റ് നൽകുന്നു. പ്രോജക്ട് ഓഫീസർ പി.വി. ജോർജ്, ഷീബ ബെന്നി എന്നിവർ നേതൃത്വം നൽകി

**പൊതുരംഗത്തെ അതുല്യ വനിതാ പ്രതിഭകളെ ആദരിച്ചു**

കേരള സോഷ്യൽ സർവീസ് ഫോറം & ദർശൻ സംസ്ഥാന സമിതി 2026 സംഘടിപ്പിച്ച അന്താരാഷ്ട്ര വനിതാദിനാഘോഷപരിപാടിയിൽവച്ച് പൊതുരംഗത്തെ അതുല്യ വനിതാപ്രതിഭകളെ ആദരിച്ചു. കെസിബിസി യുടെ ജെ.പി.ഡി. കമ്മീഷന്റെ ഈ വർഷത്തെ അവാർഡ് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പെരിയപ്പുറം സ്വാശ്രയസംഘാംഗമായ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ജിനി ജിജോയ്ക്കു ലഭിച്ചു.

**സേവ് എ ഫാമിലി പ്ലാൻ പദ്ധതി – 241 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'സേവ് എ ഫാമിലി പ്ലാൻ' പദ്ധതിയുടെ ഭാഗമായി 241 ഗുണഭോക്താക്കൾക്കുള്ള ധനസഹായം വിതരണം ചെയ്തു. സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ സാമ്പത്തികമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ഈ പദ്ധതിയിലൂടെ 39,07,628 രൂപയാണ് ഈ ഘട്ടത്തിൽ വിതരണം ചെയ്തത്. ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ ആക്ടിവിറ്റി പ്ലാനുകൾപ്രകാരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് തുക നേരിട്ടു ലഭ്യമാക്കിയത്. ചെറുകിടസംരംഭങ്ങൾ, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ ഉപജീവനമാർഗങ്ങൾക്കാണ് പദ്ധതിവിഹിതത്തിന്റെ ഭൂരിഭാഗവും വിനിയോഗിക്കുന്നത്. കൃത്യമായ ആസൂത്രണത്തിലൂടെയും മേൽനോട്ടത്തിലൂടെയും കുടുംബങ്ങളെ സ്വയംപര്യാപ്തതയിലേക്കു നയിക്കുക എന്നതാണ് ഈ പ്രവർത്തനങ്ങളിലൂടെ സൊസൈറ്റി ലക്ഷ്യമിടുന്നത്.

**മുട്ടത്താറാവുകളുടെയും കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ് പാലായിൽ വച്ച് ഉയർന്നയിനം മുട്ടത്താറാവ്, BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

**പഠനയാത്ര നടത്തി**

കുറവിലങ്ങാട് സോണിന്റെ നേതൃത്വത്തിൽ 49 അംഗങ്ങൾ ബഹു. സോണൽ ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കലിന്റെ നേതൃത്വത്തിൽ മണ്ണുത്തി കേരള കാർഷികസർവകലാശാല സന്ദർശിക്കുകയും തുടർന്നു നടന്ന സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു. കൊക്കോക്കൃഷിയെപ്പറ്റി മണ്ണുത്തി കാർഷിക സർവകലാശാല ഡോ. ധനു, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ ബിസിനസിനെപ്പറ്റി ഡോ. ശരണ്യ എന്നിവർ ക്ലാസുകൾ നടത്തി.

**വിനോദയാത്രകൾ സംഘടിപ്പിച്ചു**

സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ SHG ഗ്രൂപ്പ് അംഗങ്ങളുടെ വിനോദ-തീർത്ഥാടന യാത്രകൾ സംഘടിപ്പിച്ചു. വിവിധ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ വിവിധ ഗ്രൂപ്പംഗങ്ങൾ വിവിധങ്ങളായ സ്ഥലങ്ങൾ സന്ദർശിച്ചു. ഗ്രൂപ്പുകളുടെ കെട്ടുറപ്പിനും പരസ്പരം മനസ്സിലാക്കുന്നതിനും ഒത്തുചേരുന്നതിനും യാത്രകൾ സഹായിച്ചു.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം വാട്ടർ ടാങ്ക്, ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായകമായി.

**മഞ്ചേരി കുള്ളൻ ഏത്തവാഴവിത്തുകൾ വിതരണം ചെയ്തു**

വാഴക്കർഷകർക്കിടയിൽ ഏറെ പ്രിയങ്കരമായ 'മഞ്ചേരി കുള്ളൻ' ഏത്തവാഴവിത്തുകൾ ഈ വർഷവും പാലാ അഗ്രിമ കർഷകമാർക്കറ്റിലൂടെ വിപണനം ചെയ്തു. അഞ്ചു മാസംകൊണ്ട് കുല വരുന്നതും കൂടുതൽ രോഗപ്രതിരോധ ശക്തിയുള്ളതുമായ കുള്ളൻ വിത്തുകൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെയും സഹകരണത്തോടെയാണ് വിതരണം ചെയ്തത്.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ അവലോകനമീറ്റിങ്ങുകൾ ഇടവക തലത്തിൽ നടത്തപ്പെട്ടു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷി സംബന്ധമായ ക്ലാസുകൾ എന്നിവയും നടന്നു. മൂലമറ്റം അവലോകന മീറ്റിങ്ങിനോടൊപ്പം ഫിനോയിൽ നിർമ്മാണ പരിശീലനക്ലാസ് നടത്തി.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള ഇലഞ്ഞിസോണിന്റെ ഗ്രൂപ്പ്‌വാർഷികവും ഇലഞ്ഞി മാതൃവേദി, SMYM എന്നിവയുമായി ചേർന്ന് സംയുക്തമായി വനിതാദിനാഘോഷവും നടത്തി. വിവിധ മത്സരങ്ങളും വനിതാദിനാഘോഷപരിപാടികളും നടത്തപ്പെട്ടു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

## ഡി.സി.എം.എസ്.

**അധ്യാപക - അനധ്യാപകസമ്മേളനം**

സഭ സമുദായശക്തീകരണം ആചരിക്കുന്ന വർഷത്തിൽ രൂപതയിലെ DCMS അധ്യാപക - അനധ്യാപക ഉദ്യോഗസ്ഥരുടെ മീറ്റിങ് ബിഷപ്സ് ഹൗസിൽ വച്ചു നടന്നു. രൂപത വികാരി ജനറാൾ മോൺ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ യോഗത്തിനു സ്വാഗതം ആശംസിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോർജ് പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ യോഗത്തിന് ആശംസകൾ അർപ്പിച്ചു. ബിന്ദു ആന്റണി യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**നാമഹേതുകത്തിരുനാൾ ആശംസകൾ**

മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ നാമധാരികളായ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, വല്യപിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, രൂപത വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. റവ.ഫാ. ജോസഫ് കണിയോടിക്കൽ, ഫിനാൻസ് ഓഫിസർ റവ.ഫാ. ജോസഫ് മുത്തനാട്ട്, ചാൻസിലർ ഫാ. ജോസഫ് കുറ്റിയാങ്കൽ എന്നിവരെ DCMS രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, രൂപത ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് എന്നിവർ ചേർന്ന് ആശംസകൾ അറിയിച്ചു.

**DCMS സമുദായസംഗമവും പ്രവർത്തനവർഷോദ്ഘാടനവും**

DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ രാമപുരം പള്ളിയിൽവച്ച് സമുദായശാക്തീകരണസംഗമവും, 2026- 29 പ്രവർത്തന വർഷോദ്ഘാടനവും നടത്തപ്പെട്ടു. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ദളിതരുടെ ഇടയിൽ പ്രവർത്തനമാരംഭിച്ചതിന്റെ നൂറാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഡി.സി.എം.എസ് സമുദായശക്തീകരണത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള കർമ്മപദ്ധതികളുടെ ഉദ്ഘാടനം പാലാ

രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് 2026 മാർച്ച് 22 ഞായ റാഴ്ച ഉച്ചകഴിഞ്ഞു നിർവഹിച്ചു.

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ആത്മീയജീവിതത്തിന്റെ അടയാളപ്പെടുത്തലാണ് ഈ കൂടിവരവ് എന്ന് അദ്ദേഹം പറഞ്ഞു. ഒരു പ്രസ്ഥാനം വിജയിക്കണമെങ്കിൽ സംഘടനാപ്രവർത്തനം ശക്തമാക്കണം. കുഞ്ഞച്ചന്റെ ദർശനങ്ങൾ അനുസരിച്ചു സംഘടനപ്രവർത്തനം ശക്തമാ ക്കണം. വലിയൊരു വളർച്ച ഇനിയും നമ്മുടെ സമൂഹത്തിനു കൈവ രിക്കേണ്ടതുണ്ട് എന്ന് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പിതാവ് പറഞ്ഞു.

ഉച്ചയ്ക്ക് 1.30 ന് കുഞ്ഞച്ചന്റെ കബറിടദേവാലയത്തിൽ ഡി.സി. എം.എസ്.രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് അർപ്പിച്ച വി. കുർബാനയ്ക്കുശേഷം 2026–29 ഭാരവാഹികളുടെ സത്യപ്ര തിജ്ഞയും നടന്നു. ഡി.സി.എം.എസ്. രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ അധ്യക്ഷത വഹിച്ചു പ്രോഗ്രാമിൽ രൂപത ഡയ റക്ടർ ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത് സ്വാഗതം പറഞ്ഞു. രൂപ താവികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തി. രാമപുരം ഫൊറോനാ വികാരി ഫാ. ബെർക്കുമാൻസ് കുന്നുംപുറം യോഗത്തിന് ആശംസയർപ്പിച്ചു. ഡി.സി.എം.എസ്. ഫൊറോന ഡയറക്ടർ ഫാ. എബ്രഹാം കുഴിമുള്ളിൽ യോഗത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചു. ഡി.സി.എം.എസ്. രൂപതാഭാരവാഹികളും, കൗൺസിൽ അംഗങ്ങളും ഫൊറോനാ, മറ്റു യൂണിറ്റ് ഭാരവാഹികളും പ്രതിനിധികളും ഉൾപ്പെടെ 600 ഓളം DCMS അംഗങ്ങളും പങ്കെടുത്തു.

**നാല്പതാം വെള്ളി ആചരണം**

DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ വലിയ നോമ്പാ ചാരണത്തിന്റെ ഭാഗമായി നാല്പതാം വെള്ളിയാചരണം അരുവിത്തുറ വല്യച്ചൻ കുരിശുമലകയറി കുരിശിന്റെ വഴിയായി ആചരിക്കുന്നു.

**മദ്ധ്യവേനലവധിക്കാല ക്യാമ്പുകൾ**

DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ കുട്ടികൾക്കാ യുള്ള മധ്യ വേനലവധിക്കാലക്യാമ്പുകൾ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തുന്നു. അഞ്ചാം ക്ലാസ്സ് മുതൽ ഡിഗ്രി, പി.ജി കുട്ടികൾക്കായി വരെ യുള്ള വിവിധ ക്യാമ്പുകൾ നടത്തുന്നു. ഇതിന്റെ വിശദവിവരങ്ങൾ രൂപ തയുടെ വിവിധ ഗ്രൂപ്പുകളിൽക്കൂടി അറിയിക്കുന്നതാണ്.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

# കെയർ ഹോംസ്

**സമുദായശാക്തീകരണവർഷം**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭാവിജീവിതം സുരക്ഷിതമാക്കാനും അവരുടെ മാതാപിതാക്കളുടെ കാലശേഷം സുരക്ഷിതത്വം ഉറപ്പാക്കാനും ആവശ്യമായ ഗാർഡിയൻഷിപ്പ് എല്ലാവർക്കും ലഭ്യമാക്കാൻ തീരുമാനിച്ചു.

**നിരമയ ഇൻഷുറൻസ്**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ആരോഗ്യപരിപാലനമടങ്ങിയതും ആശുപത്രിസംബന്ധമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഇൻഷുറൻസിൽ എല്ലാ കുട്ടികളെയും അംഗത്വം എടുപ്പിക്കാൻ തീരുമാനിച്ചു.

**ഗാർഡിയൻഷിപ്പ്**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭാവിജീവിതം സുരക്ഷിതമാക്കാനും അവരുടെ മാതാപിതാക്കളുടെ കാലശേഷം സുരക്ഷിതത്വം ഉറപ്പാക്കാനും ആവശ്യമായ ഗാർഡിയൻഷിപ്പ് എല്ലാവർക്കും ലഭ്യമാക്കാൻ തീരുമാനിച്ചു.

**എക്സിക്യൂട്ടീവ്**

16/3/26 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് ചേർന്നു.

**ഉദ്ഘാടനം**

മരിയസദനത്തിൽ പുതുതായി നിർമ്മിച്ച ലിഫ്റ്റിന്റെ ഉദ്ഘാടനച്ചടങ്ങിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**എം.ഒ.യു**

മെഡിസിറ്റി കെയർ ഹോംസ് പ്രോജക്ട് രണ്ടാം വർഷത്തിലേക്ക്.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**സമുദായശക്തീകരണവർഷം**

സമുദായത്തിന്റെ ശക്തിയായ തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും ആവശ്യമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ വിവിധ ക്ഷേമപദ്ധതികൾ ഇടവകതലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

**എക്സിക്യൂട്ടീവ്**

3/03/2026 വെള്ളിയാഴ്ച എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു..

**എംപവർ പ്രോജക്**

എംപവർ പ്രോജക്റ്റിന്റെ ഭാഗമായി ക്ഷേമനിധിയംഗങ്ങൾക്കു നൽകുവാനായി വിവിധ ഉപകരണങ്ങൾ സജ്ജമായിരിക്കുന്നു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
3. തയ്യൽക്ഷേമനിധി
4. **സുരക്ഷാക്ഷേമനിധി**

8304981275 എന്ന നമ്പറിൽ ബന്ധപ്പെടുക

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# അഡാർട്ട്

---

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

മാർച്ച് 1,8,15,22,29 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം മാർച്ച് 8-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**ധ്യാനം**

മാർച്ച് 1,2 തീയതികളിൽ അഡാർട്ടിൽ ചികിത്സ നേടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ധ്യാനം നടത്തി. ധ്യാനത്തിന് ഫാ. ജെയിംസ് പൊരുന്നോലിൽ, ഫാ വിൻസൻറ് മൂങ്ങാമാക്കൽ, എൻ. എം. സെബാസ്റ്റ്യൻ, ബ്രദർ ജോസ് കാവാലി, ബ്രദർ ഔതച്ചൻ പനച്ചിക്കൽ കരോട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**അഡാർട്ട് സന്ദർശനം**

പാലാ സെൻറ് തോമസ് കോളേജ് ബയോ കെമിസ്ട്രി ഡിപ്പാർട്ട് മെൻറ് വിദ്യാർത്ഥികളും അധ്യാപകരും അഡാർട്ട് സന്ദർശിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ വിദ്യാർത്ഥികൾക്കായി ക്ലാസ് നയിച്ചു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ പ്രൊജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ ഭരണങ്ങാനം, പൂഞ്ഞാർ ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനം സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ഓൺലൈൻ ബൈബിൾ കോഴ്സ്**

സമുദായശക്തീകരണവർഷം 2026 നോടനുബന്ധിച്ച് മേയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ ഞായറാഴ്ചകളിൽ വൈകിട്ട് ഓൺലൈൻ ബൈബിൾ കോഴ്സ് നടത്തുന്നതാണ്. ഈ കോഴ്സിനെക്കുറിച്ച് അറിയാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക – 9496572639.

**2. കാലേ ത് മീറേ – Hidden voice**

സമുദായശക്തീകരണവർഷം 2026 നോടനുബന്ധിച്ച് ബൈബിളിലെ ഒളിഞ്ഞിരിക്കുന്ന കഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്ന ഓൺലൈൻ പരമ്പരയായ കാലേ ത് മീറേ എന്ന പ്രോഗ്രാം ആരംഭിച്ചു.

3. **SCRIPTURA 2025-2026**

ലോഗോസ് ക്വിസ് ആരംഭിച്ചതിന്റെ 25 വർഷത്തിൽ പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് കുടുംബാംഗങ്ങൾക്കായി ഒരുക്കുന്ന SCRIPTURA പദ്ധതിപ്രകാരം ബൈബിൾ പുതിയ നിയമം പകർത്തിയെഴുതിയവർ ഏപ്രിൽമാസം 26 തൊട്ട് 30 വരെ തീയതികളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കേണ്ടതാണ്

**4. തിരുബാലസഖ്യം കുട്ടികൾക്കായി വചന മത്സരം**

തിരുബാലസഖ്യം കുട്ടികൾക്കായി ഏപ്രിൽമാസം വചനം പഠിച്ചു പറയാൻ മത്സരം സംഘടിപ്പിക്കുന്നു വചനങ്ങൾ കാണാതെ പഠിച്ച് കൊട്ടേഷൻ സഹിതം പറയുന്ന മൂന്നു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മൊബൈലിൽ ഷൂട്ട് ചെയ്ത് അയയ്ക്കേണ്ടതാണ് വീഡിയോ അയയ്ക്കേണ്ട നമ്പർ – 9496572639.

**5. SCRIPTURA 2**

2026 സമുദായശക്തീകരണവർഷത്തോടനുബന്ധിച്ച് കുടുംബങ്ങൾക്കായി ഒരുക്കുന്ന SCRIPTURA 2 ബൈബിൾ പഴയനിയമം പകർത്തിയെഴുത്ത് ആരംഭിക്കുന്നു ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾ ഏപ്രിൽ 30നു മുമ്പായി പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസുമായി ബന്ധപ്പെടുക താഴെത്തന്നിരിക്കുന്ന വെബ്സൈറ്റ് വഴിയോ ഫോൺനമ്പർ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്: www.bibleapstolatepalai. No. 9446993104. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച മൂന്നു കൈയെഴുത്തുപ്രതികൾക്ക് ക്യാഷ് പ്രൈസും പങ്കെടുക്കുന്ന എല്ലാ കുടുംബങ്ങൾക്കും ആകർഷകമായ സമ്മാനങ്ങളും ലഭിക്കുന്നതാണ്.

**6. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2025ന്റെ സമ്മാനങ്ങളും സർട്ടിഫിക്കറ്റും കൊണ്ടുപോകാത്തവർ എത്രയും വേഗം ഓഫീസിൽവന്നു കൈപ്പറ്റണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു

**7. ലോഗോസ് ക്വിസ് പഠനസഹായി**

ലോഗോസ് ക്വിസ് 2026 പഠനത്തിനു സഹായകരമായ വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന ലോഗോസ് ഗൈഡ് 2026 ഓഫീസിൽ ലഭ്യമാണ്.

**8. നന്ദിയുടെ ഒരു വാക്ക്**

നീണ്ട 22 വർഷക്കാലം പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതിനുശേഷം പുതിയ കർമ്മമേഖലയിലേക്കു ചുവടുവയ്ക്കുന്ന ശ്രീ ജിസ്മോൻ തുടിയൻപ്ലാക്കൽ എല്ലാവിധ യാത്രാമംഗളങ്ങളും നേരുന്നു. അദ്ദേഹം ബൈബിൾ അപ്പോസ്തലേറ്റിനോടു കാണിച്ച സ്നേഹത്തിനും നല്കിയ ശുശ്രൂഷകൾക്കും നന്ദി അർപ്പിക്കുന്നു പുതിയ സെക്രട്ടറിയായി പാലാ കത്തീഡ്രൽ ഇടവകാംഗം ശ്രീ ബേബിച്ചൻ സാജുവിനെ ബൈബിൾ അപ്പോസ്തലേറ്റിലേക്കു സ്വാഗതം ചെയ്യുന്നു.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** മാർച്ച് 1 നു വയലാ സെന്റ് ജോർജ് പള്ളിയിൽ വച്ച് കടപ്ലാമറ്റം ഫൊറോനയിലെ സൺഡേസ്കൂൾ അധ്യാപകർക്ക് ക്ലാസുകൾ നടത്തി.

**2.** മാർച്ച് 3 നു പി.ഓ.സിയിൽ വച്ചു നടന്ന ഇവാഞ്ചലൈസേഷൻ ഡയറക്ടർമാരുടെ മീറ്റിങ്ങിൽ രൂപതാപ്രതിനിധികൾ സംബന്ധിച്ചു.

**3.** പോട്ട ആശ്രമത്തിൽ oneday ബൈബിൾ കൺവെൻഷന് ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങൾ നേതൃത്വം നൽകി.

**4.** മാർച്ച് 14 മുതൽ 16 വരെ ഇടപ്പാടി സെന്റ് ജോസഫ്സ് ദൈവാലയത്തിലും 19 മുതൽ 21 വരെ അമ്പാറനിരപ്പേൽ സെന്റ് ജോൺസ് ദൈവാലയത്തിലും 23 മുതൽ 25 വരെ പ്ലാശനാൽ സെന്റ് മേരീസ് ദൈവാലയത്തിലും 30 മുതൽ 1 വരെ മോനിപ്പള്ളി സെന്റ് തോമസ് ദൈവാലയത്തിലും വാർഷികധ്യാനങ്ങൾ നടത്തി.

**5.** മാർച്ച് 19 ന് ഇവാഞ്ചലൈസേഷൻ ടീം അംഗങ്ങൾ അഭിവന്ദ്യപിതാക്കന്മാരെ സന്ദർശിച്ച് നാമഹേതുകത്തിരുനാൾമംഗളങ്ങൾ നേർന്നു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെട്ടു. രാവിലെ 9 മണി മുതൽ 2 മണി വരെ നടത്തപ്പെടുന്ന ശുശ്രൂഷയിൽ കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2026 മാർച്ചു മാസത്തിൽ ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി. ദിവ്യകാരുണ്യ ആരാധനയും നയിച്ചു.

**2.** കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണ ജൂബിലി ഒരുക്കമായി എല്ലാ ഏഴാം തീയതിയും പാലാ സോണിൽ നടന്നുകൊണ്ടിരിക്കുന്ന ജൂബിലേവൂസ് മാർച്ച് ഏഴാം തീയതി തീക്കോയി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചു നടന്നു. റവ.ഫാ. ജോർജ് വെട്ടുകല്ലേൽ ജൂബിലിത്തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ജോസഫ് അരിമറ്റത്തും സോൺ, സബ് സോൺ അംഗങ്ങളും ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. രാത്രിയാരാധന**

മാർച്ച് 21 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദേവാലയത്തിൽവച്ച് രാത്രിയാരാധന നടന്നു. ഫാ. മാത്യു കുമ്പുളുങ്കൽ വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത്, സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**4.** മാർച്ച് 21 ന് പാലാ കിഴതടിയൂർ ദൈവാലയപാരിഷ് ഹാളിൽവച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. എല്ലാ മിനിസ്ട്രികളിലും പ്രവർത്തിക്കുന്ന അംഗങ്ങൾ ഒരുമിച്ചുകൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. രാവിലെ 9 30 നു ജപമാലയോടുകൂടി ആരംഭിച്ച സംഗമത്തിൽ രൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ആമുഖപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് സന്ദേശം നൽകി. തുടർന്നുള്ള പരിപാടികൾക്ക് സേവനസമിതിയംഗങ്ങൾ നേതൃത്വം നൽകി.

**5.** മാർച്ച് 3 നു വാലാച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ചും 14 ന് പറത്താനം വ്യാകുലമാതാദൈവാലയത്തിൽ വച്ചും 16 ന് കുന്നോന്നി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ചും 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. പാലാ സോൺ, സബ്സോൺ അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ മാർച്ച് 5 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ജയിൽസന്ദർശനം**

മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരി തിയോളജിവിദ്യാർത്ഥികൾ ജയിൽതീർത്ഥാടനത്തിന്റെ ഭാഗമായി ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 19ന് പാലാ മീനച്ചിൽ സബ്ജയിൽ സന്ദർശിക്കുകയും വിവിധതരം ബോധവൽക്കരണ കലാപരിപാടികൾ നടത്തുകയും ചെയ്തു.

**ബോധവൽക്കരണക്ലാസ്**

മാർച്ച് 11,18 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു

**കൗൺസലിങ്**

മാർച്ച് 17, 24 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**യൂണിറ്റ് സമ്മേളനം**

മാർച്ച് 22ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം – രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം – മാർച്ച് 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:**

മാർച്ച് 15 മുതൽ 21 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3.** 2026 മാർച്ച് 23 മുതൽ 27 വരെ നീലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയിൽ ദൈവരാജ്യാനുഭവധ്യാനം നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2026 ഏപ്രിൽ 12 ഞായർ 5 pm – 18 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

മേയ് മാസത്തിലെ ഏകദിനധ്യാനം 2 ന് ആദ്യശനിയാഴ്ച ആയിരിക്കും.

2026 ജൂലൈ 5 ഞായർ 5 pm - 11 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മ കളും മീറ്റിങ്ങുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത സമിതി വിവിധ റീജി യണുകൾ, യൂണിറ്റ് സമിതികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ഭരണ ങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 25-ാം തീയതി ബുധനാഴ്ച രാവിലെ 9 മണി മുതൽ നോമ്പുകാലസമ്മേളനം നടത്ത പ്പെട്ടു. ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപത പ്രസിഡണ്ട് Bro. സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അസ്സീസി ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ. തോമസ് കാഞ്ഞിരക്കോണം OFM. Cap. മുഖ്യപ്രഭാഷണവും SFO രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM. Cap. അനുഗ്രഹപ്രഭാഷണവും നടത്തി. പാലാ രൂപതയിലെ SFO അംഗങ്ങളിൽ ആദ്യമായി 'Alphonsian Acadami of Religious Science Pala-'-യിൽ നിന്നും Religious Science ൽ distinction -നോടുകൂടി Master ഡിഗ്രി കരസ്ഥമാക്കിയ ചെമ്മലമറ്റം ഇടവകാംഗവും SFO ചെമ്മലമറ്റം യൂണിറ്റ് സെക്രട്ടറിയുമായ ശാന്തമ്മ ജോർജ് നെടുമ്പള്ളി ക്കുന്നേലിനെ സമ്മേളനത്തിൽ ആദരിച്ചു.

വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രാപ്തിയുടെ 800-ാമത് വാർഷികം ആഘോഷിക്കുന്ന വേളയിൽ പരി. ലെയോ പതിന്നാലാമൻ മാർപാപ്പാ 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെയുള്ള ഒരു വർ ഷം ഫ്രാൻസിസ്കൻവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. പരിശുദ്ധ പാപ്പായുടെ ആഹ്വാനപ്രകാരം ഫ്രാൻസിസ്കൻ ആശ്രമദേവാലയങ്ങളും വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ നാമധേയത്തിലുള്ള ദേവാലയങ്ങ ളും സന്ദർശിച്ച് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാനുള്ള അവസരമാണ് വിശ്വാസികൾക്കും സഭാംഗങ്ങൾക്കും കൈ വന്നിരിക്കുന്നത്.

SFO രൂപത നോമ്പുകാലസമ്മേളനത്തെത്തുടർന്ന് ഭരണങ്ങാനം അൽഫോൻസാ ഷ്റൈൻ റെക്ടർ റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറ മ്പിൽ, സെന്റ് ജോസഫ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.ഫാ. ജോർജ് ആന്റണി ആശാരിശേരിൽ OFM. Cap. ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പള്ളി വികാരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട്, SFO രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. ആന്റണി വെച്ചൂർ OFM. Cap., അസ്സീസി ആശ്രമം സുപ്പീരിയർ റവ.ഫാ. മാർട്ടിൻ OFM. Cap. എന്നിവരുടെ കാർമികത്വത്തിൽ ധ്യാനകേന്ദ്രത്തിൽനിന്നും ആശ്രമദേവാലയത്തിലേക്കു

വിശുദ്ധന്റെ തിരുശ്ശേഷിപ്പ് സംവഹിച്ചുകൊണ്ട് പ്രദിക്ഷണമായി വന്ന് ദേവാലയത്തിന്റെ പ്രധാന വാതിൽ പൂർണ്ണദണ്ഡവിമോചനത്തിനായി തുറന്നുകൊടുത്തു. തുടർന്ന് ആഘോഷമായ ദിവ്യബലി, സന്ദേശം എന്നിവ നടത്തപ്പെട്ടു.

അഭിവന്ദ്യപിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾദിനവും വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾദിനവുമായ മാർച്ച് 19ന് SFO രൂപതാസമിതിയുടെ നേതൃത്വത്തിൽ അഭിവന്ദ്യപിതാക്കന്മാരെ സന്ദർശിച്ച് നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. SFO യുടെ യൂണിറ്റുകളിൽ ഭാരവാഹി തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. യൂണിറ്റ് തിരഞ്ഞെടുപ്പ് തീരുന്ന മുറയ്ക്ക് റീജിയണൽ, രൂപത സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെടും. യൂണിറ്റ് തിരഞ്ഞെടുപ്പുകൾക്ക് രൂപതാസമിതി ഭാരവാഹികൾ നേതൃത്വം വഹിക്കുന്നു. ഏവർക്കും വിശുദ്ധവാരത്തിന്റെയും ഈസ്റ്ററിന്റെയും പുണ്യദിനങ്ങൾ ആശംസിക്കുന്നു: 'സമാധാനവും സൗഭാഗ്യവും'

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**സമുദായശക്തീകരണവർഷം**

സമുദായശക്തീകരണവർഷത്തിന്റെ ഭാഗമായി രൂപതയിലെ എല്ലാ ഭവനങ്ങളിലും ദീപികപ്പത്രം എത്തിക്കുവാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു.

1. എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ദീപിക ദിനപത്രം
2. ദീപിക ദിനപത്രത്തിന്റെ പ്രചാരണാർത്ഥം എല്ലാ ഇടവകയിലും യൂണിറ്റുകൾ.

**സമുദായശക്തീകരണക്വിസ് മത്സരം**

സമുദായബോധം വർദ്ധിപ്പിക്കുന്നതിനും സഭാചരിത്രം പഠിക്കുന്നതിനും വർത്തമാനപ്പുസ്തകത്തെക്കുറിച്ചുള്ള ക്വിസ്മത്സരം നടത്താൻ തീരുമാനിച്ചു.

**എക്സിക്യൂട്ടീവ്**

13/03/26 വെള്ളിയാഴ്ച എക്സിക്യൂട്ടീവ് ഷലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

**ഡി.എഫ്.സി യൂണിറ്റ് കമ്മിറ്റി**

യൂണിറ്റ് കമ്മിറ്റി ഭാരവാഹികളുടെ ലിസ്റ്റ് മാർച്ച് 20നുമുമ്പായി പൂർത്തിയാക്കി 8113831492 എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് അയയ്ക്കുക.

**മാധ്യമസെമിനാർ**

ഏപ്രിൽമാസത്തിൽ ഫൊറോനതലത്തിലുള്ള മാധ്യമസെമിനാറുകൾക്കു തുടക്കം കുറിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**പാലാ കാർഷിക ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി**

ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം 5-2-2026 ൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ആമുഖപ്രസംഗം നടത്തി. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന ഫാ. ജോസ് തറപ്പേൽ രത്നഗിരിപ്പള്ളിയുടെ വികാരിയായി പോകുന്നതോടനുബന്ധിച്ച് അച്ചന് ആശംസകൾ നേർന്നു. ഇൻഫാമിന്റെ പഞ്ചവത്സരപദ്ധതിപ്രകാരം ഒരു ലക്ഷം പച്ചക്കറിത്തോട്ടങ്ങൾ തുടങ്ങുന്ന പദ്ധതിയിൽ പാലാ കാർഷികജില്ല പങ്കുചേരുന്നതിനും 250 വില്പനയൂണിറ്റുകൾ തുടങ്ങുന്ന പദ്ധതിപ്രകാരം യൂണിറ്റുകളിൽ മൂല്യവർധിതഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും തീരുമാനിച്ചു. ഇൻഫാം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ദേശീയ കമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

**രാമപുരം ഫെസ്റ്റ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രാമപുരം സോണിന്റെയും ഇൻഫാം രാമപുരം യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 27,28, മാർച്ച് 1 തീയതികളിൽ രാമപുരം ഫൊറോനപ്പള്ളി മൈതാനത്തു നടത്തിയ രാമപുരം ഫെസ്റ്റിൽ ഇൻഫാം രാമപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്റ്റാൾ നടത്തപ്പെട്ടു.

പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനസമ്മേളനത്തിൽ ഇൻഫാം പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഇൻഫാം ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ദേശീയകമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ, ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ ഫെസ്റ്റിനോടനുബന്ധിച്ചുള്ള വിവിധ പരിപാടികളിൽ പങ്കെടുത്തു.

**ഇൻഫാം സംസ്ഥാന കമ്മിറ്റിയുടെ സന്ദർശനം**

സംസ്ഥാനകമ്മിറ്റിയുടെ സന്ദർശനത്തോടനുബന്ധിച്ച് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് 11.03.2026 ൽ ഒരു യോഗം നടത്തി. സംസ്ഥാനപ്രസിഡന്റ് ജോസ് ഇടപ്പാട്ട്, ദേശീയ കമ്മിറ്റിയംഗങ്ങളായ മാത്യു മാമ്പറമ്പിൽ, ജോയി തെക്കുംകുടി, ഫാ. ജോസ് മോനിപ്പള്ളി, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഫാ. ജോസ് തറപ്പേൽ, ഡോ. കെ.കെ. ജോസ് കരിപ്പാകുടി എന്നിവർ പങ്കെടുത്തു. ഡിസംബർ മാസത്തിനുമുമ്പായി പാലാ കാർഷികജില്ലയിൽ ഇൻഫാമിന്റെ 50 യൂണിറ്റുകളെങ്കിലും തുടങ്ങുമെന്നും വിവിധ യൂണിറ്റുകളിൽ സംഭരണ, വില്പന സെന്ററുകൾ തുടങ്ങുമെന്നും യോഗം തീരുമാനിച്ചു. 2027 ജനുവരിമാസത്തിൽ എല്ലാ കാർഷികജില്ലകളിലും റാലികളും സമ്മേളനങ്ങളും നടത്തുമെന്നും സംസ്ഥാനപ്രസിഡന്റ് അറിയിച്ചു.

---

# മദ്യ-ലഹരി വിരുദ്ധസമിതി

---

**1. കേരള കത്തോലിക്കാ സഭ മദ്യ = ലഹരി വിരുദ്ധ ഞായർ ആചരണം.**

സർക്കാർ എല്ലാ അതിർവരമ്പുകളും വിട്ട് സംസ്ഥാനത്തുടനീളം മദ്യശാലകൾ യഥേഷ്ടം അനുവദിക്കുകയാണെന്നും ഇത് നാടിന് ഭീഷണിയാണെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. കേരള കത്തോലിക്കാ സഭയുടെ മദ്യ-ലഹരിവിരുദ്ധ ഞായറിന്റെ ഭാഗമായി പാലാ രൂപതാ സമ്മേളനം പാലാ സെന്റ് ജോർജ് ളാലം പുത്തൻപള്ളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

മദ്യം ഒരു പാനീയമല്ല അത് കുടുംബത്തിന്റെ കണ്ണീരാണ്. ഒട്ടേറെ വീട്ടമ്മമാർ പേടിച്ച് വീട്ടിൽ കഴിയുന്നു. ലഹരി ഒരു സാമൂഹികപ്രതിസന്ധി മാത്രമല്ല വളരെ ആഴത്തിലുള്ള ആത്മീയപ്രതിസന്ധികൂടിയാണ്. മദ്യത്തിന്റെയും ലഹരിയുടെയും ഉപയോഗം മൂലം പല ഭവനങ്ങളും സംഘർഷഭരിതമാകുന്നു. ലഹരിയാണ് ഏറ്റവും വലിയ സന്തോഷം എന്നാണ് മനുഷ്യർ കരുതുന്നത്. എല്ലാവിധ ലഹരികളും തിൻമയാണ്. ലഹരി മൂലം ഒരു തലമുറ നശിച്ചുപോകുന്നതായിട്ടാണ് നമ്മൾ കാണുന്നത്. ഈ തിൻമയ്ക്കെതിരെ പോരാടിയില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ കുലീനത നഷ്ടമാകും. നിശ്ചയദാർഢ്യത്തോടുകൂടി ഈ ലഹരിക്കെതിരെ നമ്മൾ ഇടപെടണം.

അധികാരമുള്ളത് സർക്കാരിന്റെ കൈകളിലാണ്. സർക്കാർ തീരുമാനിച്ചാൽ മാത്രമേ മദ്യത്തിനും മയക്കുമരുന്നുകൾക്കും എതിരെ നടപടിയെടുക്കാനാകൂ. മദ്യശാലകൾ യഥേഷ്ടം അനുവദിക്കാതെ ശക്തമായ നിലപാട് സർക്കാർ എടുക്കണം. അതിനുള്ള ഉത്തരവാദിത്വം സർക്കാരുകൾക്കുണ്ട്.

അധികാരത്തിൽ വന്നാൽ മദ്യശാലകളൊന്നും അനുവദിക്കില്ലായെന്ന് പറഞ്ഞ് വന്നവർ പിന്നീട് മദ്യവർജ്ജനം പറയുകയും മദ്യശാലകൾ യഥേഷ്ടം അനുവദിക്കുകയും മാരകരാസലഹരികളെ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുകയാണ്. ബാറുകൾ 29-ൽ നിന്ന് 1016 ആയി. കള്ളുഷാപ്പുകൾ 5171 ആയി. ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 400-ലധികം അനുവദിച്ചു. മദ്യശാലകളുടെ സമയം വർദ്ധിപ്പിച്ചതും മദ്യത്തിന് പേരിടാൻ മത്സരം സംഘടിപ്പിച്ചതുമെല്ലാം മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെ. ചോദിക്കുന്നവർക്കെല്ലാം മദ്യശാലകൾക്ക് ലൈസൻസ് കൊടുക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഇത് തിരുത്തണമെന്നും ബിഷപ് ആവശ്യപ്പെട്ടു.

സംസ്ഥാന സെക്രട്ടറിയും രൂപതാ പ്രസിഡന്റുമായ പ്രസാദ് കുരുവിള അദ്ധ്യക്ഷത വഹിക്കുകയും ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, മാണി സി. കാപ്പൻ എം.എൽ.എ., മുനിസിപ്പൽ ചെയർപേഴ്സൺ ദിയ ബിനു പുളിക്കക്കണ്ടം, അഡ്വ. ഷോൺ ജോർജ്ജ്, ഫാ. ജോസഫ് തടത്തിൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ജോർജ്ജ് മൂലേച്ചാലിൽ, സാബു എബ്രഹാം, ആന്റണി മാത്യു, ജോസ് കവിയിൽ എന്നിവർ പ്രസംഗിച്ചു.

രൂപതയുടെ 171 ഇടവക ദേവാലയങ്ങളിലും ദിവ്യബലിയർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ കേരള കത്തോലിക്കാ സഭയുടെ ലഹരിവിരുദ്ധ സർക്കുലർ വായിച്ചു.

**2. ഉമ്മൻ ചാണ്ടിയുടെ കബറിടം സന്ദർശിച്ചു.**

10 വർഷങ്ങൾക്കുമുൻപ് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി 29 ബാറുകൾ ഒഴികെ മുഴുവൻ മദ്യശാലകളും അടച്ചുപൂട്ടിയ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടുള്ള ആദരവ് പ്രേകടിപ്പിക്കുന്നതിനും, നാട് മുഴുവൻ മദ്യശാലകൾ അനുവദിച്ചുകൊണ്ടിരിക്കുന്ന പിണറായി സർക്കാറിനോടുള്ള പ്രേതിഷേധ സൂചകമായും കെസിബിസി മദ്യ - ലഹരിവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ ഉമ്മൻചാണ്ടിയുടെ കബറിടത്തിൽ എത്തി പുഷ്പാർച്ചന നടത്തി. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുത്തുങ്കൽ, പ്രസാദ് കുരുവിള എന്നിവർ നേതൃത്വം നൽകി.

**3.** മദ്യ - ലഹരി വിഷയങ്ങളിൽ നമ്മുടെ രൂപത പ്രസിഡന്റും സംസ്ഥാന സെക്രട്ടറിയും വക്താവുമായ പ്രസാദ് കുരുവിള പ്രമുഖ ചാനൽ ചർച്ചകളിൽ പങ്കെടുത്ത് വരുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MARCH 2026

| | | |
|---|---|---|
| 1 | 7.45 am | കിഴപറയാർ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 1.00 pm | പൂവത്തോട് പള്ളിയിൽ വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി. |
| 4 | | ബാംഗ്ലൂർ എൻ.ബി.സി.എൽ.സി.യിൽ വച്ചു നടന്ന സി.ബി.സി. ഐയുടെ ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മീഷൻ വിളിച്ചുചേർത്ത ദ്വിദിന സെമിനാറിൽ പങ്കെടുത്തു മുഖ്യസന്ദേശം നൽകി. |
| 5 | 12.15 pm | ചൂണ്ടച്ചേരി SJCET യിൽ വച്ചു നടന്ന ടെക് ഫോർ ലൈഫ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 2.30 pm | ചേർപ്പുങ്കൽ പള്ളിയിൽ വച്ച് ഫാ. സെബസ്ത്യാനോസ് ദസ്ലീവാ അടപ്പശ്ശേരിയുടെ വത്സലമാതാവിന്റെ ശവസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 7 | | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് KCBC ടീച്ചേഴ്സ് ഗിൽഡിന്റെ അഭിമുഖ്യത്തിൽ നടന്ന വനിതാദിന സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 8 | | വെള്ളിയാമറ്റം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |

| | | |
|---|---|---|
| | 3.00 pm | ളാലം പുത്തൻപള്ളിയിൽ വച്ചു നടന്ന temperance commission ന്റെ ലഹരിവിരുദ്ധദിനാചരണം ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | അരുവിത്തുറമേഖലയുടെ സമുദായശക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| 9 | 10.00 am | പാലക്കാട്ടുമലയിലുള്ള SMS പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| 10 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 13 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | | ബിഷപ്സ് ഹൗസിൽ വച്ചു നടന്ന നസ്രാണി സമുദായമീറ്റിങ്ങിനു നേതൃത്വം നൽകി. |
| 15 | 4.00 pm | കടുത്തുരുത്തിമേഖലയുടെ സമുദായശക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 16 | 10.30 am | ളാലം സെന്റ് മേരീസ് എൽ.പി.സ്കൂളിന്റെ നവതി സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 3.00 pm | മോതിരക്കണ്ണിയിൽ വച്ചു നടന്ന മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ സഹോദരൻ തൊമ്മച്ചന്റെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| 17 | 4.00 pm | പാദുവാ ഇടവകയിൽ ഹോം പാലാ പ്രൊജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു. |
| | 5.00 pm | ഇടപ്പാടിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസദന്റെ പുതിയ വൃദ്ധസദനം വെഞ്ചരിച്ചു. |
| 19 | 2.00 pm | പ്ലാശനാൽ പള്ളിയിൽ ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികനായി. |
| 20 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | രാമപുരം മേഖലയുടെ സമുദായശക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 21 | 11.00 am | ചൂണ്ടച്ചേരി സെൻറ് ജോസഫ്സ് ഹോട്ടൽ മാനേജ്മെന്റ് കോളേജിന്റെ ഗവേർണിങ് കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 4.00 pm | കുറവിലങ്ങാട് മേഖലയുടെ സമുദായശക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 22 | | രാമപുരത്തുവച്ച് DCMS സംഘടനയുടെ രൂപതാ തല പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. |
| | 4.00 pm | തുടങ്ങനാട് മേഖലയുടെ സമുദായശക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. |
| 23 | 10.30 am | ചൂണ്ടച്ചേരി SJCET യിൽ software development cell ന്റെ വെഞ്ചരിപ്പുകർമ്മം നടത്തി ഉദ്ഘാടനം ചെയ്തു. |
| | 5.00 pm | കുടയത്തൂർ പള്ളിയുടെ പുതിയ പാരിഷ് ഹാൾ വെഞ്ചരിച്ചു. |
| 24 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 3.00 pm | ബിഷപ്പ്സ് ഹൗസിൽ വച്ചുനടന്ന അൽഫോൻസാ കോളേജിന്റെ മാനേജിങ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 26 | 8.00 am | കത്തീഡ്രൽ പള്ളിയിൽ വച്ച് 6 വൈദികവിദ്യർഥി കൾക്ക് മ്ശംശാനാ പട്ടം നൽകി. |
| 27 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 28 | 10.30 am | മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ചു നടന്ന PDMET മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 4.00 pm | പാലാ മേഖലയുടെ സമുദായശക്തീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 29 | | കത്തീഡ്രൽ പള്ളിയിൽ ഓശാനഞായറിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

08.03.2026









ളാലം പുത്തൻപള്ളിയിൽവച്ചു നടന്ന കേരളകത്തോലിക്കാ
സഭയുടെ മദ്യ ലഹരി വിരുദ്ധ ഞായർ ദിനാചരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.

14.03.2026









ബിഷപ്സ് ഹൗസിൽ വച്ചു നടന്ന നസ്രാണി സമുദായ
മീറ്റിംഗിന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നേതൃത്വം നൽകി.

# ഹോം പാലാ

## പാദുവ



17.03.2026



22.03.2026







രാമപുരത്തുവച്ച് DCMS സംഘടനയുടെ
രൂപതാതല പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകി



23.03.2026







ചൂണ്ടച്ചേരി SJCET യിൽ സോഫ്റ്റ്‌വെയർ
ഡെവലപ്‌മെന്റ് സെല്ലിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

**07.03.2026**

**08.03.2026**

## വെള്ളിയാമറ്റം
## ഇടയനടുത്ത സന്ദർശനം















28.02.2026

01.03.2026

## കിഴപറയാർ
## ഇടയനടുത്ത സന്ദർശനം















## സ്നേഹസ്മരണയ്ക്ക്

# റവ. ഫാ. സെബാസ്റ്റ്യൻ

### ആലപ്പാട്ടുകുന്നേൽ



പ്ലാശനാൽ ഇടവകയിലെ ആലപ്പാട്ടുകുന്നേൽ കുടുംബത്തിൽ 1946 ജൂൺ 21ന് ആന്റണി- മറിയം ദമ്പതികളുടെ മകനായി ഫാ. സെബാസ്റ്റ്യൻ ജനിച്ചു.1946 ജൂൺ 29ന് പ്ലാശനാൽ സെന്റ് മേരീസ് ദേവാലയത്തിൽ ദേവസ്യാ ഐക്കരക്കുന്നേലച്ചനിൽനിന്നും മാമ്മോദീസ സ്വീകരിക്കുകയും, 1956 സെപ്റ്റംബർ 28ന് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു തൈലാഭിഷേകകൂദാശസ്വീകരിക്കുകയും ചെയ്തു. പ്ലാശനാൽ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ പഠനം പൂർത്തിയാക്കിയ ശേഷം, പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലും കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും (1965 - 1972) വൈദിക പരിശീലനം നടത്തി. 1972 ജനുവരി 5ന് ഉാലം സെന്റ് മേരീസ് പഴയപള്ളിയിൽ മാർ സെബാസ്റ്റ്യൻ വയലിൽപിതാവിൽനിന്നു പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് അദ്ദേഹം പൊളിറ്റിക്സിൽ എം.എ., എം.ആർ., പി.എച്ച്.ഡി. എന്നീ ബിരുദങ്ങൾ നേടി. വിദ്യാഭ്യാസരംഗത്ത് അദ്ദേഹം നിർണായകസംഭാവനകൾ നൽകി; പാലാ സെന്റ് തോമസ് കോളേജിലും, അരുവിത്തുറ സെന്റ് ജോർജ് കോളേജിലും അധ്യാപകനായും പിന്നീട് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. മരങ്ങാട്ടുപിള്ളി, കുറവിലങ്ങാട് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ച അദ്ദേഹം, പിന്നീട് വേഴങ്ങാനം, അയ്യമ്പാറ, മേലുകാവുമറ്റം, കൂട്ടിക്കൽ, മരങ്ങാട്ടുപിള്ളി, ഉാലം പഴയപള്ളി , ഇലഞ്ഞി എന്നിവിടങ്ങളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. 1993 മുതൽ 2001 വരെ അരുവിത്തുറ സെന്റ് ജോർജ് കോളേജിന്റെ പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. 2022 ഫെബ്രുവരി 19ന് വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച ശേഷവും കിഴതടിയൂർ പള്ളിയിൽ പാസ്റ്ററൽ അസിസ്റ്റന്റായി സേവനം തുടർന്നുവരികയായിരുന്നു. മാർച്ച് 18 ന് അച്ചൻ സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടു. അച്ചന്റെ മൃതസംസ്കാരശുശ്രൂഷ 2026 മാർച്ച് 19ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പ്ലാശനാൽ പള്ളിയിൽവച്ചു നടന്നു.

## സ്നേഹസ്മരണയ്ക്ക്



### സി. അനിറ്റ് കളരിക്കൽ

SABS (86)

**ഉരുളികുന്നം**

| | | |
|---|---|---|
| ഇടവക | : | ഉരുളികുന്നം |
| ജനനം | : | 17.03.1940 |
| നിത്യവ്രതം | : | 20.04.1973 |
| മരണം | : | 18.03.2026 |
| മൃതസംസ്കാരം | : | പൈക |

*സേവനമണ്ഡലങ്ങൾ:*

നെല്ലിയാനി, കാഞ്ഞിരമറ്റം
മുത്തോലപുരം
നസ്രത്ത് ഹിൽ, കാഞ്ഞിരത്താനം
വടകര, ഉരുളികുന്നം

## സ്നേഹസ്മരണയ്ക്ക്



### സി. ഫ്രാൻസീസ് സെയിൽസ് അറയ്ക്കൽ

FCC (94)

**അന്ത്യാളം**

| | | |
|---|---|---|
| ഇടവക | : | അന്ത്യാളം |
| ജനനം | : | 25.03.1932 |
| നിത്യവ്രതം | : | 30.05.1960 |
| മരണം | : | 02.03.2026 |
| മൃതസംസ്കാരം | : | ഭരണങ്ങാനം |

*സേവനമണ്ഡലങ്ങൾ:*

ഭരണങ്ങാനം, അൽഫോൻസാ ഹോസ്റ്റൽ
മരിയൻ മെഡിക്കൽ സെന്റർ
കോതനല്ലൂർ, സ്നേഹഭവൻ
ആശാനിലയം
അരുവിത്തുറ, ഇടപ്പാടി, കാക്കോലി

## സ്നേഹസ്മരണയ്ക്ക്



### സി. പീയൂസ് മേരി പൈനിക്കുളം

FCC (89)

**പൂവത്തോട്**

| | | |
|---|---|---|
| ഇടവക | : | പൂവത്തോട് |
| ജനനം | : | 30.03.1937 |
| നിത്യവ്രതം | : | 30.03.1937 |
| മരണം | : | 17.03.2026 |
| മൃതസംസ്കാരം | : | ഭരണങ്ങാനം |

*സേവനമണ്ഡലങ്ങൾ:*

ഭരണങ്ങാനം, അരുണാപുരം
വിമലഗിരി രാമപുരം
ഇടപ്പാടി, പോർസ്യുങ്കുള, ആലുവ
അരുവിത്തുറ ഹോസ്റ്റൽ

2026
APRIL

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*